# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 2 No. 8, 15 August 2014**


എഡിറ്റോറിയൽ

# വിദ്യാർത്ഥി സമരങ്ങൾ

**ഏ**താനും ദിവസങ്ങൾക്കു മുമ്പ് മാർക്സിസ്റ്റ് നേതാവ് ഇ.പി. ജയരാജൻ എസ്.എഫ്.ഐ. യുടെ ഒരു ജില്ലാ സമ്മേളനത്തെ അഭിസംബോധന ചെയ്യവേ വിദ്യാർത്ഥി സമരങ്ങൾക്കെതിരെ പ്രതികരിക്കുകയുണ്ടായി. വിദ്യാർത്ഥി സമരങ്ങളെക്കുറിച്ച് ഒരു പുനർ വിചിന്തനം ആവശ്യമാണെന്നും പഠിപ്പു മുടക്കിയുള്ള സമരം പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുടെ ചുമതലയുള്ള നേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ ഈ വേറിട്ട ശബ്ദം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സി.പി.എം. സംസ്ഥാന കമ്മിറ്റി ഈ വിഷയം സവിസ്തരം ചർച്ച ചെയ്തു. എന്നാൽ ജയരാജന്റെ ഈ അഭിപ്രായത്തെ പിന്തുണക്കുവാൻ ആരും തന്നെ ഉണ്ടായിരുന്നില്ല എന്നാണ് മാധ്യമ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വിദ്യാഭ്യാസരംഗം വ്യവസായവത്ക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന വ്യവസ്ഥകൾക്കും സംഭവങ്ങൾക്കുമെതിരെ സമരം ചെയ്യേണ്ടത് വിദ്യാർത്ഥി സംഘടനയുടെ ബാധ്യതയാണെന്നും അതിനു ചിലപ്പോൾ പഠിപ്പു മുടക്കും ക്ലാസ്സ് ബഹിഷ്കരണവും ആവശ്യമായി വരുമെന്നും ചർച്ചയിൽ പങ്കെടുത്തവരെല്ലാം അഭിപ്രായപ്പെട്ടെന്നാണ് അറിയുന്നത്. മറ്റു രാഷ്ട്രീയ പാർട്ടികളോ അവയുടെ പോഷക സംഘടനകളോ ഈ വിഷയം ചർച്ചയ്ക്കെടുത്തതായി അറിയില്ല. അത്രയ്ക്കു വിലപ്പെട്ടതായി ഇ.പി. ജയരാജന്റെ ഈ അഭിപ്രായത്തെ അവർ കണ്ടിട്ടില്ലെന്നു വേണം അനുമാനിക്കുവാൻ. ആരെങ്കിലും ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിൽ അവരെല്ലാം ആത്മാർത്ഥതയോടെ ജോലിചെയ്യാൻ ശ്രമിച്ചിട്ടുള്ള അധ്യാപകരും, മക്കളുടെ അക്കാദമിക നേട്ടങ്ങളിൽ ശ്രദ്ധയുള്ള രക്ഷാകർത്താക്കളും, വരും തലമുറകളുടെ നല്ല ഭാവിയെക്കിറിച്ച് താത്പര്യമുള്ള പൊതുജനങ്ങളും മാത്രമാണ്.

**യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ പുതിയ അസ്വസ്ഥതകളോടുള്ള ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രതികരണം 10–13 പേജുകളിൽ**

സമരങ്ങളുടെ അനിവാര്യതയിൽ വിശ്വസിക്കുന്നവരാണ് മാർക്സിസ്റ്റുകാർ. വർഗ്ഗസമരം ആ പാർട്ടിയുടെ മുഖമുദ്രയും. ഇത്തരം പശ്ചാത്തലമുള്ള ഒരു നേതാവ് വിദ്യാർത്ഥി സമരത്തെ – പ്രത്യേകിച്ചും പഠിപ്പു മുടക്കു സമരത്തെ–തള്ളിപ്പറയുവാനുണ്ടായ കാരണം ഇത്തരം സമരങ്ങൾ വിദ്യാർത്ഥികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്നു എന്ന് തിരിച്ചറിഞ്ഞതിന്റെ വെളിച്ചത്തിലായിരിക്കണം. അല്ലാതെ തന്റെ മക്കളുടെ വിദ്യാഭ്യാസം സമരം മൂലം അലങ്കോലപ്പെടുമെന്ന സാഹചര്യത്തിലോ, സമരരംഗത്ത് പയറ്റിത്തെളിഞ്ഞ് നേതൃനിരയിലെത്തുന്ന ഇളം തലമുറയോടുള്ള അസൂയ കൊണ്ടോ ആ യിരിക്കാനിടയില്ല. ഈ സമരവിരുദ്ധാഹ്വാനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്താണെന്ന് അദ്ദേഹം തന്നെ വെളിപ്പെടുത്തേണ്ടതാണ്.

വിദ്യാർത്ഥി സമരങ്ങളെ വിലയിരുത്താൻ ശ്രമിക്കുന്നവർ ഓർക്കേണ്ട ഒരു വസ്തുതയുണ്ട്. ഇവിടത്തെ ഓരോ വിദ്യാർത്ഥി സംഘടനയും ഓരോ രാഷ്ട്രീയ പാർട്ടിയുടെ നിഴൽ സംഘടനയാണ്. അതുകൊണ്ട് ഈ സംഘടനകൾക്ക് തനതായ കാഴ്ചപ്പാടോ കർമ്മപദ്ധതിയോ ഇല്ല. അതാതു പാർട്ടി നേതാക്കൾ നൽകുന്ന ആജ്ഞകൾ അനുസരിച്ചു പ്രവർത്തിക്കുവാനേ അവയ്ക്ക് ആവുകയുള്ളൂ. രാഷ്ട്രീയ കക്ഷികൾ വിദ്യാർത്ഥികളെ കൊക്കിലൊതുക്കുവാൻ വ്യഗ്രത കാണിക്കുന്നത് അവരുടെ അക്കാദമിക നേട്ടങ്ങളെയോ, ഭാവിസുരക്ഷയേയോ ലക്ഷ്യം വച്ചല്ല. കൗമാര പ്രായത്തിൽ അവരെ എളുപ്പം കൂട്ടത്തോടെ വശത്താക്കി വോട്ടു ബാങ്ക് നിക്ഷേപം നടത്തുന്നതിനാണ്. സമരങ്ങളുടെയെല്ലാം പ്രധാന ഉദ്ദേശ്യം ഡിമാൻഡുകൾ അംഗീകരിച്ചു കിട്ടുന്നതിനുപരി അണികളെ വർദ്ധിപ്പിക്കുകയും സക്രിയരാക്കുകയുമാണ്.

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**വിദ്യാർത്ഥി സമരങ്ങൾ** .............................. 1

**സഭയ്ക്കും ഒരു മദ്യനയം ആവശ്യം – 1** ............. 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**വഴങ്ങരുത് വാർദ്ധക്യത്തിന്** ........................ 5
ഡോ. ചാണ്ടി പോൾ

**തിരിച്ചറിയലുകൾ**
**ഐക്യത്തിലേക്ക് നയിക്കട്ടെ** ...................... 10
ഡോ. തോമസ് മാർ അത്താനാസ്യോസ്

**കുടുംബം: വേദപുസ്തക – വേദശാസ്ത്ര**
**അടിസ്ഥാനത്തിൽ** ................................. 13
ഫാ. ഡോ. ഒ. തോമസ്

**വാർത്തകൾ – അറിയിപ്പുകൾ** ................ 15 – 16

രോഗങ്ങളെ എന്ന പോലെ സമരങ്ങളെയും അവ തുടങ്ങിയശേഷം പരിഹരിക്കാൻ ശ്രമിക്കുന്നതിനേക്കാൾ ഭേദം അവ ഉണ്ടാകാതെ സൂക്ഷിക്കുകയാണ്. വിദ്യാർത്ഥി സമരങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനും ഒഴിവാക്കുന്നതിനുമുള്ള ഫലപ്രദമായ മാർഗ്ഗം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികൃതരും അവയിലെ അധ്യാപകരും വിദ്യാർത്ഥി സംവേദനക്ഷമത (student sensitivity) ഉള്ളവരാകുകയാണ്. 1980–കളുടെ ആദ്യപാദത്തിൽ സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് യൂണിഫോം നിർണ്ണയിക്കുകയും അത് ഏർപ്പെടുത്തുകയും ചെയ്യുന്നതിന് നിർദ്ദേശം വന്നു. അക്കാര്യത്തിൽ തീരുമാനമെടുക്കാൻ ഞങ്ങളുടെ ഹെഡ്മാസ്റ്റർ സ്റ്റാഫ് മീറ്റിംഗ് വിളിച്ചുകൂട്ടി. എല്ലാവരും കുട്ടികൾക്ക് യൂണിഫോം വേണമെന്ന് കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. ഞാനും അതിനെ സ്വാഗതം ചെയ്തു. എന്നാൽ എനിക്ക് മറ്റൊരു നിർദ്ദേശവും കൂടിയുണ്ടായിരുന്നു. കുട്ടികൾക്ക് യൂണീഫോം നിർബന്ധമാക്കുമ്പോൾ അധ്യാപകർക്കൂ കൂടി ഒന്നു വേണം. എന്റെ അഭിപ്രായം തള്ളിപ്പോയി. എങ്കിലും ഒന്നു ഞാൻ ചെയ്തു. കുട്ടികൾക്ക് യൂണിഫോം നിർബന്ധമാക്കിയ ദിവസം മുതൽ 95–ൽ സേവനത്തിൽ നിന്നു പിരിയുന്നതുവരെ ഞാനും അവരുടെ യൂണിഫോമിൽ തന്നെയാണ് സ്കൂളിൽ എത്തിയിരുന്നത്. എന്റെ നടപടി മറ്റൊന്നിനുമായിരുന്നില്ല. കുട്ടികളുടെ വേഷം യൂണിഫോം ആക്കാൻ അധ്യാപകർ നിർബന്ധിക്കുമ്പോൾ അവർ മനസ്സിൽ ചോദിക്കുന്നത് “നിങ്ങൾക്ക് എന്തേ യൂണിഫോം ഇല്ലാത്തത്?” എന്നായിരിക്കും. ഏതു വേഷം ഇട്ടുകൊണ്ടും കുട്ടികളെ യൂണിഫോം ധരിപ്പിക്കാൻ മറ്റുള്ളവരേപ്പോലെ എനിക്കും സാധിക്കുമായിരുന്നു അധികാരത്തിന്റെ ചൊൽപ്പടിയിൽ. എന്നാൽ അതു ഞാൻ ചെയ്തില്ല. അവരുമായി താദാത്മ്യപ്പെട്ടാണ് ഞാൻ അതു ചെയ്തത്. ഞാൻ ചെയ്തത് ഒരു വൻ കാര്യമായിരുന്നില്ല. എങ്കിലും എന്റെ മാതൃക അതിശക്തമായിരുന്നു. ഈ അഖണ്ഡതാ ഭാവത്തെയാണ് അധികൃതരുടെ student sensitivity എന്ന് ഞാൻ സൂചിപ്പിച്ചത്. ഈ ശൈലിയിൽ കുട്ടികളുമായി ഇടപെടുന്ന പക്ഷം ഒരു വിദ്യാർത്ഥി സമരവും സ്കൂളുകളിൽ ഉണ്ടാവുകയില്ലെന്നു തീർച്ച. 27 വർഷം ഞാൻ ജോലി ചെയ്ത സർക്കാർ സ്കൂൾ തന്നെ അതിനു സാക്ഷി. ഒരു വിദ്യാർത്ഥി സംഘടനയും അവിടെ രൂപം കൊണ്ടിരുന്നില്ല. ഓരോ ക്ലാസ്സ് ഡിവിഷനിലേയും ഏറ്റവും നല്ല കുട്ടിയായിരുന്നു അതിലെ ലീഡർ. സ്കൂൾ–ക്ലാസ്സ് ലീഡേഴ്സ് ഫസ്റ്റ് ക്ലാസ്സില്ലാതെ ജയിച്ചത് എന്റെ ഓർമ്മയിലില്ല.

ഞാനിതു പറഞ്ഞത് ആത്മപ്രശംസാർത്ഥമല്ല. കുട്ടികളുടെ ഓരോ കൊച്ചു കൊച്ചു പ്രശ്നവും അവരുടെ വശത്തു നിന്ന് നോക്കിക്കണ്ട് സമഭാവത്തോടെ സ്കൂൾ അധികൃതർ കൈകാര്യം ചെയ്താൽ ഒരു വിദ്യാർത്ഥി സമരവും അത്തരം സ്കൂളുകളിൽ ഉണ്ടാകാനിടയില്ല. ഉണ്ടായാൽ സ്കൂളിനുള്ളിൽ ജീർണ്ണനം ആരംഭിച്ചിട്ടുള്ളതായി അനുമാനിക്കാം. കാരണം ഒരു സ്കൂളും പുറമേ നിന്ന് മാത്രം വഷളാക്കപ്പെടുകയില്ല. മുതിർന്ന സമരകുതുകികൾ ഉള്ളിലുണ്ടാകും തീർച്ച. സ്കൂൾ നന്നാക്കുന്നതിലും മോശമാക്കുന്നതിലും അതിലെ അധ്യാപകരുടെ പങ്ക് നിർണ്ണായകമാണ്.

**മെത്രാപ്പോലീത്തായുടെ കത്ത്**

# സഭയ്ക്കും ഒരു മദ്യനയം ആവശ്യം-1

**കേ**രളസർക്കാരിന് എന്നും ഒരു മദ്യനയമുണ്ട് മുന്നണികൾ മാറുമെങ്കിലും മാറി വരുന്ന ഭരണകൂടങ്ങൾ ഇത് വ്യത്യാസം കൂടാതെ നിലനിർത്തി വരുന്നു. സ്വയം മദ്യം വിൽക്കുന്നതിലും സ്വകാര്യസ്ഥാപനങ്ങൾക്ക് മദ്യവിൽപനയ്ക്ക് അധികാരം നൽകുന്നതിലും അപാകത എന്തെങ്കിലും ഉള്ളതായി സർക്കാരിന് ചിന്തയൊന്നുമില്ല. എന്നാൽ ഇപ്പോഴത്തെ വിഷയം മദ്യക്കച്ചവടം വേണോ, വേണ്ടയോ, കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തണമോ എന്നൊന്നുമല്ല; കാലങ്ങളായി നിർദ്ദേശങ്ങൾ പാലിക്കാത്ത ബാറുകൾ കോടതി വിധിപ്രകാരം അടഞ്ഞു കിടക്കുവാൻ അനുവദിക്കണമോ അതോ ആ വിധി മറികടക്കുവാൻ പഴുതുണ്ടാക്കണമോ എന്നതിൽ ചർച്ചകൾ പരിമിതപ്പെടുന്നു. നിലവിലുള്ള മദ്യനയത്തിൽ അടിസ്ഥാന പരമായ വ്യതിയാനം ഉണ്ടാക്കണമോ എന്ന മൗലീക ചോദ്യം ഇതുവരെ ചർച്ചയ്ക്കെത്തിയിട്ടില്ല.

ഈ നാടു ഭരിക്കുന്നത് ഒരു കൂട്ടുമുന്നണി സർക്കാരാണ്. ഇതിലെ പ്രധാന ഘടകകക്ഷി കോൺഗ്രസ്സാണ്. ഗാന്ധിജി സമ്പൂർണ്ണ മദ്യവിമുക്ത രാഷ്ട്രമാണ് വിഭാവനം ചെയ്തത്. അദ്ദേഹത്തിന്റെ പാരമ്പര്യം അവകാശപ്പെടുന്ന ഈ പാർട്ടിക്കു മദ്യക്കച്ചവടത്തിൽ എന്തെങ്കിലും പിശകുള്ളതായി തോന്നിയിട്ടില്ല. മറ്റൊരു പ്രധാന കക്ഷി മുസ്ലീം ലീഗാണ്. പേരു വെളിപ്പെടുത്തുന്നതുപോലെ അതു മുസ്ലീം സമുദായത്തിന്റെ രാഷ്ട്രീയ പാർട്ടിയാണ്. ആ പാർട്ടിയിൽ അംഗത്വം ലഭിക്കണമെങ്കിൽ മുസ്ലീം ആയിരിക്കണം. ഇസ്ലാമിന് മദ്യം ഹറാമാണ്. എന്നാൽ ലീഗിന് അങ്ങനെയൊന്നുമില്ല. സർക്കാർ മദ്യകച്ചവടം നിറുത്തിയാലേ ഭരണത്തിൽ പങ്കുചേരൂ എന്നു നിർബന്ധ ബുദ്ധിയൊന്നും ഈ പാർട്ടി ഒരിക്കലും കാണിച്ചിട്ടില്ല. പിന്നെ ഒരു പ്രബലകക്ഷി കേരള കോൺഗ്രസ്സാണ്. അതു പ്രധാനമായും ക്രൈസ്തവരുടെ, പ്രത്യേകിച്ച് കത്തോലിക്കരുടെ നേതൃത്വത്തിലുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ്. കത്തോലിക്കാ സഭ മദ്യനിയന്ത്രണത്തിന് ശക്തമായ നിലപാടെടുത്തിട്ടുള്ള ഒരു മത പ്രസ്ഥാനമാണ്. ഈ കക്ഷിയിൽ സഭയുടെ താത്പര്യം ഭരണത്തിൽ പ്രതിനിധീകരിക്കുന്നില്ല. അതായത് മദ്യത്തോടു താത്വികമായി എതിർപ്പുണ്ടാകേണ്ട പാർട്ടികളാണ് ഭരണം കയ്യാളുന്നതെങ്കിലും മദ്യക്കച്ചവടം നിർബാധം നടക്കുന്നു. ഇക്കാര്യത്തിൽ ഈ കക്ഷികൾക്കൊന്നിനും ഒരു എതിർപ്പുമില്ല. ഭരണം വഴി കിട്ടുന്ന വ്യക്തി-രാഷ്ട്രീയ-സാമ്പത്തിക-സാമുദായിക താത്പര്യങ്ങൾ മാത്രമാണ് അവർക്കു പ്രിയപ്പെട്ടത്.

ക്രൈസ്തവ സഭകൾ ഒന്നും തന്നെ പ്രത്യക്ഷമായി മദ്യത്തിന്റെ വിൽപനയും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നു എന്നു പറഞ്ഞുകൂടാ. മദ്യക്കച്ചവടം നടത്തുകയോ, മദ്യം ഉത്പാദിപ്പിക്കുകയോ, കുടിക്കുന്നതിന് പ്രേരണനൽകുകയോ, ചെയ്യുന്നില്ല എന്നത് ശരിയാണ്. വിശ്വാസികൾ മദ്യം കുടിക്കരുത് എന്ന ഉപദേശം പള്ളി നേതാക്കന്മാരിൽ നിന്ന് ഉണ്ടാകാറുമുണ്ട്. എന്നാൽ സഭാംഗങ്ങൾ മദ്യക്കച്ചവടം നടത്തുന്നതിനോ, മദ്യം ഉത്പാദിപ്പിക്കുന്നതിനോ എതിരെ നിലപാടെടുത്തിട്ടുള്ളതായി അറിവില്ല. മദ്യവിൽപനയിലൂടെ ആണെങ്കിലും സഭാംഗങ്ങൾ പണമുണ്ടാക്കിയാൽ അതിന്റെ ഒരു ഓഹരി പള്ളിയ്ക്കും കിട്ടുമല്ലോ എന്ന ചിന്തയാണ് ഇതിന്റെ അടിസ്ഥാനം എന്നു തോന്നുന്നു. മദ്യവിൽപനയിലും ഉപഭോഗത്തിലും ക്രൈസ്തവർ മുൻനിരയിൽത്തന്നെ ഉള്ള സാഹചര്യത്തിൽ ഇവയുടെ നിയന്ത്രണത്തിന് സഭയ്ക്ക് പ്രധാന ഉത്തരവാദിത്തം ഉണ്ട് എന്നത് വ്യക്തം. തീർച്ചയായും മദ്യപാനത്തിനെതിരെ പ്രചാരണം, ബോധവത്ക്കരണം, ലഹരി വിമുക്ത ചികിത്സ എന്നീ രംഗങ്ങളിൽ സഭ പ്രശംസനീയമായ സേവനം നടത്തുന്നുണ്ട്. എന്നിട്ടും ഫലപ്രദമായ പരിവർത്തനമൊന്നും പൊതുജനം കാണുന്നില്ല. കൃത്യമായി പറഞ്ഞാൽ ഇതെല്ലാം സർക്കാരും ചെയ്യുന്നുണ്ടല്ലോ. മദ്യക്കുപ്പിയുടെ പുറത്ത് മദ്യപാനം ആരോഗ്യത്തിനു ഹാനികരമാണെന്ന മുന്നറിയിപ്പ് സർക്കാർ എഴുതി വയ്ക്കുന്നു. മദ്യത്തിനെതിരെയുള്ള ബോധവത്ക്കരണത്തിനും സർക്കാരിന്റെ പിന്തുണയുണ്ട്. അടിസ്ഥാനപരമായി സർക്കാരിന്റെയും സഭയുടേയും മദ്യനയത്തിൽ കാര്യമായ വൈരുദ്ധ്യങ്ങൾ ഉള്ളതായി തോന്നുന്നില്ല. സർക്കാർ മദ്യനയം തിരുത്തണമെങ്കിൽ സഭ കുറേക്കൂടി ഉറച്ച നിലപാടുകൾ എടുത്തേ തീരൂ. അതുകൊണ്ടാണ് സഭയ്ക്ക് വ്യക്തമായ ഒരു മദ്യനയം ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നത്.

കേരളത്തിൽ മദ്യ ഉപഭോഗത്തിന്റെ തോത് ഉത്കണ്ഠാജനകമായി വർദ്ധിക്കുന്നുണ്ട്. പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ. ചെറുപ്പക്കാർ പുകവലി കുറച്ച് മദ്യപാനത്തിലേയ്ക്ക് തിരിയുകയാണ്. ഭക്ഷണത്തോടു ചേർത്തു കഴിക്കുന്ന പാനീയമായിട്ടാണ് പാശ്ചാത്യരാജ്യങ്ങളിൽ ഇതിന്റെ ഉപയോഗം. നമ്മുടെ നാട്ടിൽ കുടി പ്രധാനമായും ലഹരിച്ച് മത്തരാകുക എന്ന ലക്ഷ്യത്തിലാണ്. എല്ലാ പരിധികളും ലംഘിച്ച് പ്രജ്ഞ നഷ്ടപ്പെടുന്നതിന് മത്സരി

ക്കുന്നവരുടെ എണ്ണമാണ് ഇവിടെ വർദ്ധിക്കുന്നത്. ഇതു സൃഷ്ടിക്കുന്നതാകട്ടെ ഭീകരമായ സാമൂഹിക-സാമ്പത്തിക-ഗാർഹിക-വ്യക്തി-രംഗങ്ങളിലെ പ്രത്യാഘാതങ്ങളാണ്. അതുകൊണ്ട് മദ്യപാനത്തിന്റെ വ്യാപനവും കുടിക്കുന്ന മദ്യത്തിന്റെ ഉയർന്ന അളവും അവ സൃഷ്ടിക്കുന്ന താളപ്പിഴകളും സഭ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. ബോധവത്ക്കരണത്തിലും ലഹരി വിമുക്തി ശുശ്രൂഷയിലും സഭയുടെ ഈ രംഗത്തെ പ്രവർത്തനം പരിമിതപ്പെടുത്താനാവില്ല.

മദ്യം കുടിക്കുന്നത് അതിൽ തന്നെ ഒരു പിശകാണോ എന്നത് പലരും ഉന്നയിക്കുന്ന ഒരു ചോദ്യമാണ്. മാംസഭക്ഷണത്തോടു കൂടി ലേശം മദ്യം കഴിക്കുന്നതിന് ആയുർവ്വേദം വിലക്കുന്നില്ല. പ്രായം വർദ്ധിക്കുന്ന മുറയ്ക്ക് അല്പം വീഞ്ഞ് കുടിക്കുന്നതിന് പൗലോസ് നിരുത്സാഹപ്പെടുത്തുന്നുമില്ല. യേശു കാനാവിൽ കല്യാണത്തിന് വീഞ്ഞു സൃഷ്ടിച്ച കഥ യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നുമുണ്ട്. മരുന്നുകളുടെ ഭാഗമായി ആൽക്കഹോൾ ഉപയോഗം ഒരു പതിവാണ്. ഭക്ഷണത്തിന്റെ ഭാഗമായോ ചികിത്സാവിധി പ്രകാരമോ മിതമായ തോതിൽ മദ്യം ഉള്ളിൽ ചെല്ലുന്നതുകൊണ്ട് പ്രശ്നങ്ങളൊന്നും തന്നെ ഉണ്ടാകില്ലായിരിക്കാം. എന്നാൽ ആ രീതിയല്ല ഇന്നിവിടെ നിലനിൽക്കുന്നതും പടരുന്നതും. കുടിക്കുക, ആവോളം അകത്താക്കുക, മത്തരാകുക ഇതിന്റെ വ്യാപനമാണ് ഇന്നു നടക്കുന്നത്. ഇതു തടയണമെങ്കിൽ മദ്യത്തിന്റെ ലഭ്യത പൂർണ്ണമായും തടയേണ്ടിവരും. എങ്കിൽ മാത്രമേ ഫലപ്രദമായി മദ്യപാന ദുരന്തത്തെ നേരിടാനാവൂ. മദ്യ ഉപഭോഗത്തിന്റെ ലക്ഷ്മണരേഖ പാലിക്കപ്പെടുക എന്നത് പ്രായോഗികമായി അസാധ്യമാകയാൽ ഈ വിഷയത്തിൽ സ്വാതന്ത്ര്യത്തിനും തെരഞ്ഞെടുപ്പിനും അവസരം നൽകിയാൽ പ്രശ്നം പരിഹരിക്കപ്പെടുകയില്ല.

കേരളത്തിലെ ജനങ്ങൾ മദ്യവിഷയം ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും സാമാന്യം അറിവുള്ളവരാണ്. മദ്യപാനത്തിന്റെ ദോഷവശങ്ങളെപ്പറ്റി അവരിൽ ആരെയും ബോധ്യപ്പെടുത്തേണ്ടതുണ്ട് എന്ന് തോന്നുന്നില്ല. വ്യക്തി -കുടുംബ-ആരോഗ്യരംഗങ്ങളിൽ മദ്യപാനം സൃഷ്ടിക്കുന്ന ബേജാറുകൾ എങ്കിലും അവർക്കറിയാം. അതുകൊണ്ട് കേരളത്തിലെ മദ്യപരെ ബോധവത്ക്കരണം കൊണ്ടു മാത്രം കുടി വിമുക്തരാക്കാമെന്നോ, പുതിയ കുടിയന്മാരെ ഇതിൽ നിന്ന് പിന്തിരിപ്പിക്കാമെന്നോ എനിക്ക് ചിന്തയില്ല. ഓരോ പ്രാവശ്യവും മദ്യക്കുപ്പി തുറക്കുമ്പോൾ മദ്യം ആരോഗ്യത്തിനു ഹാനികരം എന്ന കുറിപ്പ് കുടിയൻമാരെല്ലാവരും കാണുന്നുണ്ട്. എന്നാൽ ഇതു കുടിച്ചാൽ എന്താണ് കുഴപ്പമെന്ന് ആരെങ്കിലും അന്വേഷിച്ചതായോ, ആരോഗ്യത്തിനു ഹാനികരമെങ്കിൽ ഇതു മാററിവച്ചേക്കാമെന്ന് തീരുമാനിച്ചതായോ അറിയില്ല. അറിവില്ലാത്തതല്ല പ്രശ്നം, തിരിച്ചറിവുള്ളവർ മദ്യപാനം കൊണ്ടു നശിക്കുന്നത് തടയുവാനോ, മദ്യകച്ചവടം നിയന്ത്രിക്കുവാനോ നിലപാടെടുക്കുന്നില്ല എന്നതാണ് പ്രതിസന്ധി. അതിനായി ആശയതലത്തിൽ തന്ത്രങ്ങൾ രൂപപ്പെടണം, ഇച്ഛാശക്തിയോടെ നയം നടപ്പിലാക്കുകയും വേണം.

ക്രൈസ്തവ സഭയ്ക്ക് ഇതര മത-സാമൂഹിക പ്രസ്ഥാനങ്ങളെയും ഭരണകൂടത്തെയും അപേക്ഷിച്ച് കൂടുതൽ ബാധ്യത ഈ രംഗത്തുണ്ട്. കേരളത്തിൽ മദ്യത്തിന്റെ ഉൽപാദന-വ്യവസായ-ഉപഭോഗ രംഗങ്ങളിലെ ക്രൈസ്തവ സാന്നിധ്യം പ്രകടമാണ് എന്നതുകൊണ്ടു മാത്രമായില്ല, ക്രൈസ്തവർക്ക് ഇന്ന് മദ്യമില്ലാതെ ആഘോഷമില്ല എന്ന നിലയിലെത്തിയിട്ടുണ്ട് എന്നത് മദ്യവിരുദ്ധ പ്രവർത്തനത്തിൽ സഭയ്ക്കുള്ള ബാദ്ധ്യത വെളിപ്പെടുത്തുന്നു. വിവാഹം, മാമ്മോദീസ, ഭവനവാഴ്വ് തുടങ്ങിയ കൗദാശിക ചടങ്ങുകളൊന്നും മദ്യമില്ലാതെ പൂർത്തീകരിക്കപ്പെടുന്നില്ല. മരണം പോലുള്ള ദു:ഖാനുഭവങ്ങൾ പോലും ഇന്ന് മദ്യത്തിന്റെ അകമ്പടിയോടെ ആഘോഷമാക്കുന്നത് ക്രൈസ്തവരുടെ സംസ്ക്കാരമായി മാറിയിട്ടുണ്ട്. സഭാവഴക്കുകളിൽ ഉഗ്രവാദികൾ ഊർജസ്വലരാകുവാൻ ശ്രേഷ്ഠാനുമതിയോടെ ഇത് ലഭ്യമാക്കുന്നത് രഹസ്യമൊന്നുമല്ല. ഇതൊന്നും നിസ്സാരവത്ക്കരിക്കാനാവില്ല. വിശ്വാസ സമൂഹത്തെ തകർത്തു തരിപ്പണമാക്കുന്ന, കുടുംബത്തെ ശിഥിലമാക്കുന്ന, ബന്ധങ്ങളെ നശിപ്പിക്കുന്ന, ആത്മാഭിമാനം നഷ്ടപ്പെടുത്തുന്ന, ആരോഗ്യം ഇല്ലാതാക്കുന്ന, വ്യക്തിത്വം ജീർണ്ണിപ്പിക്കുന്ന ഒരു ക്രിയയായി സഭ മദ്യപാനത്തെ കാണണം. അതിനെ സഹായിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന മദ്യക്കച്ചവടം അധർമ്മമായി സഭ പ്രഖ്യാപിക്കണം. ഈ ലോകത്ത് ക്രിസ്തു സാന്നിധ്യമാകാൻ വിളിക്കപ്പെട്ട വിശ്വാസസമൂഹം മദ്യത്തിന്റെ ഉത്പാദനം, വിതരണം ഉപഭോഗം എന്നീ കാര്യങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് സഭ-ഇടവക അധികാരികൾ മദ്യവ്യവസായം സമൂഹത്തിൽ ഉയർത്തുന്ന ഭീഷണി തിരിച്ചറിഞ്ഞ് അതിനെ പ്രതിരോധിക്കാൻ തന്ത്രങ്ങൾ മെനയുകയും ആശയങ്ങൾ രൂപപ്പെടുത്തുകയും ഇച്ഛാശക്തി പ്രകടമാക്കുകയും ഈ വിഷയത്തിൽ നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതുണ്ട്. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

*ശാസ്ത്രം*

# വഴങ്ങരുത് വാർദ്ധക്യത്തിന്

**ഡോ. ചാണ്ടിപോൾ**

ഒരു പത്രവാർത്ത: 'മാതാപിതാക്കൾക്കു ജീവനാംശം, ഇടക്കാലാശ്വാസത്തിനു വ്യവസ്ഥ.' ഇതാണു ശീർഷകം. ഇതിലെ വരികൾ മാത്രമല്ല വരികൾക്കിടയിലും വായിച്ചെടുക്കാൻ പലതുമുണ്ട്. വൃദ്ധരുടെ പരാതികൾ പെരുകുന്നു. കോടതികൾ ഇടപെടുന്നു.

ഇന്നത്തെ അണുകുടുംബ സമ്പ്രദായത്തിൽ പിന്തിരിഞ്ഞു നോക്കാനോ പൂർവ്വ ഭാരം ചുമക്കാനോ അധികമാരും മെനക്കെടാറില്ല. പുഴ പിന്നോട്ടൊഴുകുന്നില്ല എന്നത് ന്യായമെങ്കിലും മനുഷ്യൻ മൃഗങ്ങളിൽ നിന്നു വ്യത്യസ്തനാകുന്നത് ചിരിക്കാനും ചിന്തിക്കാനും കഴിയുന്നതുകൊണ്ട് മാത്രമല്ല. അവന് അവകാശങ്ങളോടൊപ്പം തന്നെ കടപ്പാടുകളും ഉത്തരവാദിത്തങ്ങളും കൂടി ഉള്ളതുകൊണ്ടാണ്. യുവതലമുറയ്ക്ക് ഈ ബാധ്യത നിറവേറ്റാൻ കഴിയാതെ പോകുമ്പോൾ മനുഷ്യസമൂഹത്തിന് മൊത്തത്തിൽ വിലയിടിയുന്നു. വൃദ്ധമന്ദിരങ്ങളുടെ എണ്ണം പെരുകുന്നത് പുരോഗതിയുടെ സൂചനയാണെങ്കിൽ നമ്മളും പുരോഗതിയുടെ പാതയിൽ തന്നെ!

ജീവിച്ചു തീർത്ത വർഷങ്ങളല്ല, നിലനിർത്തുന്ന ചൈതന്യമാണ് പ്രസക്തം. വീഴ്ത്താൻ വരുന്ന വാർദ്ധക്യത്തെ ആവുന്നത്ര ചെറുത്തു നിൽക്കുക. വീഴാനുള്ള ഊഴവും കാത്തു തലതാഴ്ത്തി നിൽക്കരുത്. ഒടുവിൽ വീഴും. വീണേ തീരൂ. അതു പ്രകൃതിയുടെ നിയമം. പിന്നെയെന്തിന് ചെറുക്കണം? വഴങ്ങി കൊടുക്കരുതോ? അരുത്. ഇനിയും അനേകം അങ്കങ്ങൾക്കുള്ള ബാല്യം ശേഷിക്കുന്നു. പലതും ചെയ്തു തീർക്കാൻ കിടക്കുന്നു. അതിനു കഴിയും എന്ന തോന്നലാണു മനുഷ്യനെ മുന്നോട്ടു നയിക്കേണ്ടത്. കച്ചയും ചുരികയും മാറ്റിവയ്ക്കാൻ വരട്ടെ. ജീർണ്ണതയ്ക്കെതിരെ പൊരുതുക. രാജാജിയും മൊറാർജിയും കെ.പി. കേശവമേനോനും, ഇ.എം. എസും ഏറെ പ്രായമുള്ള ചെറുപ്പക്കാരായിരുന്നു. വാർദ്ധക്യത്തിന്റെ ആക്രമണത്തിനു വഴങ്ങിക്കൊടുക്കാതെ ജീവിതത്വരയും കർമ്മ ചൈതന്യവും ജ്വലിപ്പിച്ചുതന്നെ പുലർത്തുന്ന എത്രയോ പേർ ഇന്നുമുണ്ട്. പേരുകൾ എഴുതാതെ വിടുന്നു.

മനസ്സെത്തുന്നിടത്തു കൈയ്യും കാലും എത്താതെ വരുമ്പോഴോ? അല്ലെങ്കിൽ, പഞ്ചേന്ദ്രിയങ്ങളിൽ ചിലത് പണി മുടക്കിയാലോ? സംശയങ്ങൾ പ്രസക്തമാണ്. മനസ്സാണ് (ഇച്ഛാശക്തിയാണ്) ഒരു വ്യക്തിയിലെ പ്രധാന പടയാളി. അന്ധനായിരുന്ന മിൽട്ടണും ബധിരനായിരുന്ന ബൈഥവനും നമ്മുടെ മഹാകവി വള്ളത്തോളും അന്ധ-ബധിര-മൂകയായിരുന്ന ഹെലൻ കെല്ലറും കീഴടക്കിയ കൊടുമുടികൾ എത്രയെത്ര! നടക്കാൻ കഴിയാതിരുന്ന റൂസ് വെൽറ്റ് അമേരിക്കയുടെ ശക്തനായ പ്രസിഡന്റായിരുന്നില്ലേ? ശാരീരികമായി പരാധീനതകൾ പലതുണ്ടായിട്ടും ഭാരതത്തിന്റെ ബാബ ആംതെ ആതുര ശുശ്രൂഷാരംഗത്തു പലതും ചെയ്തില്ലേ? അന്ധനായിതീർന്ന ശേഷവും കെ.പി. കേശവമേനോൻ എത്രയോ നല്ല കൃതികൾ എഴുതി! ഇ.എം.എസിന്റെ ചിന്തയും എഴുത്തും അന്ത്യത്തോളം തുടർന്നില്ലേ? മനസ്സു തളരാതിരുന്നാൽ പ്രായം ഒരു പ്രശ്നമേയല്ല.

'ശേഷിയുള്ളതു ശേഷിക്കും' എന്ന ചൊല്ലിന് പഴക്കമില്ല. അതു വ്യക്തിനിഷ്ഠമായിരിക്കണമെന്നില്ല. കൂട്ടായ്മയുടെ ശേഷി (സംഘടനാ ശേഷി)യാണ് ഇന്ന് ഏറ്റവും സുശക്തം. ഈ ലേഖകൻ ഉൾപ്പെടെ വയോവൃദ്ധരുടെ എണ്ണം കൂടി വരുന്നു. അതോടൊപ്പം അവരുടെ പ്രശ്നങ്ങളും. ജനീന ഭരണസമ്പ്രദായത്തിൽ തലയെണ്ണമാണു പല തീരുമാനങ്ങളിലും നിർണ്ണായകം. സമൂഹത്തിനും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾക്കും നേരെ കണ്ണടച്ചു മുന്നോട്ടു പോകാൻ കഴിയില്ല. ശിശുമരണനിരക്ക് കുറഞ്ഞതും ആയുസ്സു നീണ്ടതും ഈ ദിശയിലേക്കാണു വിരൽ ചൂണ്ടുന്നത്. ആരോഗ്യമുണ്ടെങ്കിൽ ആയുസ്സു നീണ്ടാലും ആർക്കും ഭാരമാവില്ല. ഇച്ഛാശക്തി തളരാതെ നോക്കിയാലും ശാരീരിക വൈകല്യങ്ങൾ വലിഞ്ഞു കയറി വന്ന് ശല്യപ്പെടുത്താറുണ്ട്. മനസ്സിന്റെ വരുതിയിൽ നിൽക്കാത്ത ഇവയിൽ സാധാരണ കാണാറുള്ള ചിലതുമാത്രം ലേശം പരാമർശിക്കാം. അവയെ കൈകാര്യം ചെയ്യാനുള്ള ചില്ലറ ഉപായങ്ങളും തേടാം. ഫലിക്കണമെന്നില്ല. എന്നാലും.

### തലച്ചോറ്

'ശീര്യതേ ഇതി ശരീരം' നശിച്ചുകൊണ്ടിരിക്കുന്നതാണ് ശരീരം എന്നർത്ഥം. ശരീരകോശങ്ങൾ പഴകുമ്പോൾ നശിച്ച് പകരം പുതിയവയുണ്ടാകും. തലച്ചോറിനു പ്രാമുഖ്യമുള്ള കേന്ദ്ര നാഡീവ്യൂഹത്തിലെ (Central Nervous System) പ്രധാനപ്പെട്ട കോശങ്ങൾ ഈ നിയമത്തിനു വിധേയമല്ല. അവയുടെ നാശം ശാശ്വതമായിരിക്കും. പ്രായമേറുന്നതോടെ തലച്ചോറിലെ ഇത്തരത്തിൽ പെട്ട ചില കോശങ്ങൾക്കു നാശം സംഭവിച്ചു തുടങ്ങും. ഓർമ്മയുമായി ബന്ധപ്പെട്ട കോശങ്ങളെയാണ് ഈ വൈകല്യം പ്രധാനമായും പിടികൂടുന്നത്. അതിരറ്റ കഴിവുകളുടെ ഇരിപ്പിടമായ തലച്ചോറിനെ ജയിക്കാൻ അതിന്റെ തന്നെ

സൃഷ്ടിയായ ഒരു കമ്പ്യൂട്ടറിനും ഇന്നോളം കഴിഞ്ഞിട്ടില്ല. മസ്തിഷ്ക കോശങ്ങളിൽ നശിച്ചു പോകുന്ന വയ്ക്കു പകരം പുതിയവ ഉണ്ടാക്കാൻ കഴിഞ്ഞാൽ (അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.) സൂപ്പർമാൻ എന്ന സങ്കൽപം യാഥാർത്ഥ്യമായേക്കാം.

ഓർമ്മയുടെ കോശങ്ങൾ നശിക്കുന്നതോടെ ജീവിതത്തിന് താളപ്പിഴകൾ വന്നുകൂടുന്നു. വ്യക്തിപരമായതുൾപ്പെടെ അത്യാവശ്യമുള്ള പല കാര്യങ്ങളും ഉറ്റവരുടെ പേരും മറ്റും മറന്നു പോകുന്നതും കണക്കു തെറ്റുന്നതും സാധാരണ കണ്ടു വരുന്ന വൈകല്യങ്ങളാണ്. ജീർണ്ണതയുടെ ഈ പ്രക്രിയയ്ക്കു പല കാരണങ്ങളുണ്ട്. ഇവയിൽ പ്രധാനം ജനിതക പ്രവണത (Genetic tendency) തന്നെ. തലച്ചോറ് വേണ്ടത്ര ഉപയോഗിക്കാതിരിക്കുന്നതും ജീർണ്ണതയുടെ ഗതിവേഗം കൂട്ടിയേക്കാം. രോഗങ്ങൾ കൊണ്ടും ഈ കോശങ്ങൾക്ക് നാശം സംഭവിക്കാവുന്നതാണ്. ഏറെ പ്രായമായിട്ടും തലച്ചോറിന്റെ പ്രവർത്തനക്ഷമതയിൽ പറയത്തക്ക കോട്ടമൊന്നും തട്ടാത്ത ധീഷണാശാലികളെപ്പറ്റി നേരത്തെ പറഞ്ഞു കഴിഞ്ഞു. തലച്ചോറിൽ കൂടുതൽ ആഴത്തിൽ പതിഞ്ഞിരിക്കുന്നത് ആദ്യകാലാനുഭവങ്ങൾ ആയതുകൊണ്ട് ഓർമ്മക്കുറവുണ്ടാകുമ്പോൾ അവസാനത്തെ അനുഭവങ്ങളാവും ആദ്യം മറക്കുക.

വാർദ്ധക്യകാലത്തു ചിലരിൽ ഉണ്ടാകുന്ന ഒന്നാണ് ആൽഷീമർ രോഗം (Alzheimer's Disease). ജനിതക സ്വാധീനമാണ് പ്രധാന കാരണം. ഓർമ്മക്കുറവ്, ഉറക്കമില്ലായ്മ, സ്ഥലകാലഭ്രമം എന്നീ ലക്ഷണങ്ങൾ ഇതിന്റെ സൂചനയാണ്. അമ്പലത്തിലേക്കോ പള്ളിയിലേക്കോ പുറപ്പെട്ടാൽ ചെന്നെത്തുന്നതു മറ്റു വല്ലയിടത്തുമായിരിക്കും. എല്ലാ രോഗികളിലും ഒരേ ലക്ഷണങ്ങൾ തന്നെ കണ്ടുകൊള്ളണമെന്നില്ല.

**കണ്ണ്**

വയസ്സു നീളുമ്പോൾ സാധാരണ വന്നുകൂടുന്ന ഒരു ദൃഷ്ടി വൈകല്യമാണ് വെള്ളെഴുത്ത്. (Presby opia) പ്രെസ്ബി (Presby) എന്ന ഗ്രീക്കു പദത്തിന് വാർദ്ധക്യമെന്നാണർത്ഥം. മഹാഭൂരിപക്ഷത്തിനും മധ്യപ്രായത്തോടെ പിടിപെടുന്ന ഈ ചെറിയ വൈകല്യം കണ്ണട ഉപയോഗിച്ച് എളുപ്പത്തിൽ പരിഹരിക്കാവുന്നതേയുള്ളൂ. വെള്ളെഴുത്തിനെ ഒരു വാർദ്ധക്യകാല വൈകല്യമായി ആരും ഇന്നു കണക്കാക്കുന്നില്ല. കണ്ണട ഉപയോഗിക്കുന്നതു തന്നെ അഭംഗിയാണെന്ന് തോന്നുന്നവർക്കു വേണ്ടി കോർണിയ (cornea) എന്ന ബാഹ്യസുതാര്യ പടലത്തിൽ നേരിട്ടു വെയ്ക്കാവുന്ന കോണ്ടാക്ട് ലെൻസുമുണ്ട്. അങ്ങനെയൊന്ന് ഉപയോഗിക്കുന്നതായി കാണുന്നവർക്ക് തോന്നുകയേയില്ല. ആസൂത്രണ വിദഗ്ധനായിരുന്ന ഭാരതരത്നം ഡോക്ടർ എം. വിശ്വേശ്വരയ്യ നൂറുവയസ്സിലേറെ ജീവിച്ചിരുന്നിട്ട് വെള്ളെഴുത്ത് ബാധിക്കാതിരുന്ന ചുരുക്കം ചിലരിരൊളായിരുന്നു.

സാമാന്യേന പ്രായമായവരുടെ രോഗമാണെങ്കിലും തിമിരം (Cataract) ഏതു പ്രായത്തിലുള്ളവരേയും ബാധിക്കാം. ഭ്രൂണാവസ്ഥയിലെ വൈകല്യം കൊണ്ടു തിമിരത്തോടു കൂടി ജനിക്കുന്ന ശിശുക്കളുമുണ്ട്. കണ്ണിന്റെ ഉൾഭാഗത്തുള്ള കാചത്തിൽ (lens) മേഘം പോലെ കുറേശ്ശെ വന്നുകൂടുന്ന മൂടൽ ക്രമേണ മുഴുവനും വ്യാപിച്ച് അതിനെ അതാര്യ (opaque) മാക്കി റെറ്റിനയിൽ പതിക്കേണ്ട പ്രകാശ രശ്മികളെ തടയുന്ന രോഗമാണ് തിമിരം. കാഴ്ച ക്രമേണ മങ്ങി മങ്ങി ഒടുവിൽ തീരെയില്ലാതാകും. അപ്പോഴാണു തിമിരം മൂത്തു എന്നു പറയുന്നത് (matured cataract).

തിമിരം നേത്രകാചത്തിന്റെ മധ്യഭാഗത്തു നിന്നു തുടങ്ങി അതിരിലേക്കു വ്യാപിക്കുന്ന തരത്തിലുള്ളതാവാം. മറിച്ച്, അതിരിൽ നിന്നു തുടങ്ങി മധ്യഭാഗത്തേയ്ക്കു വ്യാപിക്കുന്നതുമാവാം. ആദ്യത്തെ തരമാണെങ്കിൽ രോഗാരംഭത്തിൽ മങ്ങിയ വെളിച്ചത്തിലായിരിക്കും മെച്ചമായി കാണുന്നത്. വെളിച്ചം കുറഞ്ഞിരിക്കുമ്പോൾ കൃഷ്ണമണി വികസിച്ചിരിക്കുന്നതു കൊണ്ട് തിമിരം ബാധിക്കാത്ത ഭാഗത്തു കൂടി പ്രകാശരശ്മികൾ കണ്ണിനുള്ളിൽ കടന്നു കൊള്ളും. രണ്ടാമത്തെ തരത്തിലാകട്ടെ കാചത്തിന്റെ മധ്യഭാഗത്താണ് രോഗാരംഭത്തിൽ മൂടൽ ബാധിക്കാതിരിക്കുന്നത്. അതുകൊണ്ടു നല്ല വെളിച്ചത്തിൽ കൃഷ്ണമണി ചുരുങ്ങിയിരിക്കുമ്പോഴാണ് കൂടുതൽ വ്യക്തമായി കാണാൻ കഴിയുക. തിമിരം മൂത്തു കാചത്തിൽ നിറഞ്ഞു കഴിഞ്ഞാൽ മേൽ വിവരിച്ച വ്യത്യാസത്തിനു പ്രസക്തിയില്ലാതാകും. ശസ്ത്രക്രിയ കൊണ്ടു പരിഹരിക്കാവുന്നതാണു തിമിരത്തിന്റെ പ്രശ്നം. ആയിരത്തോളം ആണ്ടുകൾക്കുമുൻപ് തിമിരത്തിനുള്ള ശസ്ത്രക്രിയ ഭാരതത്തിൽ ചെയ്തിരുന്നു എന്നതിന് ആയുർവേദ ഗ്രന്ഥങ്ങൾ മതിയാ തെളിവു തരുന്നു. മുൻകാലങ്ങളിൽ തിമിരം മുറ്റിയ ശേഷമായിരുന്നു ശസ്ത്രക്രിയ ചെയ്തിരുന്നത്. ഇപ്പോൾ അങ്ങനെ കാത്തിരിക്കേണ്ടതില്ല. കണ്ണിന്റെയുള്ളിൽ കൃത്രിമ കാചം നിക്ഷേപിക്കുന്ന സമ്പ്രദായം ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. കൂടുതൽ ആന്ധ്യമുള്ള കണ്ണിൽ ആദ്യം ശസ്ത്രക്രിയ ചെയ്യുന്നു. അതിലെ കാഴ്ച വീണ്ടെടുത്തതിനു ശേഷം മാത്രമേ മറ്റേ കണ്ണ് (രോഗബാധിതമെങ്കിൽ) ശസ്ത്രക്രിയയ്ക്ക് വിധേയമാക്കൂ. ഒരു തുന്നൽ പോലും വേണ്ടാത്തത്ര ചെറിയ പഴുതുണ്ടാക്കി അതിലൂടെ ചുരുട്ടിക്കടത്താവുന്ന കൃത്രിമ കാചം സ്ഥാപിക്കാൻ കഴിയും. ആശുപത്രിയിൽ കിടക്കാതെ

**ചെവി**

ചെറുപ്പക്കാർക്കുമുണ്ടാകാമെങ്കിലും പൊതുവെ പറഞ്ഞാൽ ഒരു വാർദ്ധക്യകാല വൈകല്യമാണു കേൾവിക്കുറവ്.

ഇത് രണ്ട് തരത്തിലുണ്ട്.

1. സംവഹനപരം (Conductive deafness)
2. സംവേദനപരം (Perceptive deafness)

ചെവിയുടെ ഉൾഭാഗത്തിനു രണ്ട് ധർമ്മങ്ങളുണ്ട്. 1. കേൾക്കുക. 2. ശരീരത്തിന്റെ സന്തുലനാവസ്ഥ (equilibrium) കാക്കുക. അന്തരീക്ഷത്തിൽ നിന്നും ശബ്ദതരംഗങ്ങളെ പിടിച്ചെടുത്ത് ഉൾച്ചെവിയുടെ ശ്രവണ സങ്കേത (Cochlea) ത്തിൽ എത്തിക്കുക എന്നതാണ് കേൾവി എന്ന പ്രക്രിയയുടെ ആദ്യ പടി. ശബ്ദതരംഗങ്ങൾ ശ്രോത്രപുട (Eardrum Tympanum) ത്തിൽ ഉണ്ടാക്കുന്ന നേരിയ ചലനങ്ങളെ വളരെ ചെറിയ മൂന്നസ്ഥികളുടെ ഒരു ശൃംഖലയാണ് ശ്രവണകവാടത്തിലെത്തിക്കുന്നത്. മാലിയസ് (Malleus) ഇൻകസ് (Incus) സ്റ്റേപ്പിസ് (Stapes) എന്ന ഈ അസ്ഥികളുടെ ശൃംഖല ഓസ്സിക്കിൾസ് (Ossicles) എന്ന പേരിൽ അറിയപ്പെടുന്നു. സ്വീകരിക്കുന്ന ശബ്ദത്തെ ഇരുപതിരട്ടി വർദ്ധിപ്പിച്ചാണ് എത്തേണ്ടിടത്ത് ഈ ശൃംഖല എത്തിച്ചു കൊടുക്കുന്നത് എന്നതും ശ്രദ്ധേയമാണ്. മേൽ വിവരിച്ച സംവിധാനത്തിൽ വരാവുന്ന വൈകല്യങ്ങളാണ് സംവഹനപരമായ കേൾവിക്കുറവിന് കാരണം. കേൾവിയുടെ സംവേദനപരമായ കാര്യങ്ങൾ നിയന്ത്രിക്കുന്നത് കോക്ലിയ (Cochlea) മുതൽ തലച്ചോറ് വരെയും തലച്ചോറിനുള്ളിലും ഉള്ള നാഡീഭാഗങ്ങളാണ്. ഇവയിൽ എവിടെയെങ്കിലുമുണ്ടാകുന്ന തകരാറുകൊണ്ട് സംവേദനപരമായ ബധിരതയുണ്ടാകുന്നു.

ശ്രോത്രപുടത്തിനു കേടുവന്നാൽ മിറിംഗോ പ്ലാസ്റ്റി (Myringoplasty) അഥവാ ടിംപനോ പ്ലാസ്റ്റി (Tympanoplasty) എന്ന ശസ്ത്രക്രിയകൊണ്ടു ശരിപ്പെടുത്താം. ചെവിയുടെ ഉള്ളിലെ ചെറിയ അസ്ഥികൾക്കുണ്ടാകുന്ന തടിപ്പും വളർച്ചയും മറ്റും സംവഹനപരമായ ബധിരതയ്ക്കു കാരണമാവാം. സൂക്ഷ്മദർശിനി ഉപയോഗിച്ചു നടത്തുന്ന ശസ്ത്രക്രിയ കൊണ്ട് ആവശ്യമില്ലാത്ത ഭാഗങ്ങൾ ചുരണ്ടിക്കളഞ്ഞോ മുറിച്ചു കളഞ്ഞോ ഇതു പരിഹരിക്കാം. ബധിരതയുണ്ടായാൽ വിദഗ്ദ്ധ പരിശോധന നടത്തി കാരണം കണ്ടെത്തണം. ശ്രവണശേഷി കൃത്യമായി അളക്കാനുള്ള ഉപകരണമാണ് ഓഡിയോമീറ്റർ (Audiometer) ചികിത്സകന്റെ നിർദ്ദേശപ്രകാരം ചിലപ്പോൾ ശ്രവണ സഹായി (Hearing Aid) ഉപയോഗിക്കേണ്ടി വരും. ബധിരനായിപ്പോയ ബൈഥവൻ ലോഹദണ്ഡു കടിച്ചുപിടിച്ച് വീണ്ടെടുത്ത ലേശം ശ്രവണശേഷി ഉപയോഗിച്ച് തന്റെ സംഗീത സപര്യ തുടർന്നത് സ്മരണീയമാണ്.

ഉൾച്ചെവിയിൽ ശരീരത്തിന്റെ സന്തുലനാവസ്ഥ കാക്കുന്ന ഭാഗത്തിനുണ്ടാകുന്ന വൈകല്യം തലകറക്ക (Vertigo) ത്തിനു കാരണമായേക്കാം. അനങ്ങാതിരിക്കുന്ന (നിൽക്കുന്ന) ആളിന്റെ പരിസരത്തിലുള്ളതൊക്കെ കറങ്ങുന്നതായി തോന്നുന്നത് ഒബ്ജക്ടീവ് വെർട്ടൈഗൊ (Objective vertigo) യിലാണ്. മറിച്ച് പരിസരം നിശ്ചലമായിരുന്നിട്ട് ആൾമാത്രം കറങ്ങുന്നതായി തോന്നുന്നത് സബ്ജക്ടീവ് വെർട്ടൈഗൊ (Subjective vertigo) യിലാണ്. പ്രായമായ ചിലരിൽ ഉണ്ടാകുന്ന മിനിയേഴ്സ് സിൻഡ്രോം (Minier's Syndrome) എന്ന ലക്ഷണ സമുച്ചയത്തിൽ ഉൾച്ചെവിയുടെ തകരാറു കൊണ്ടുണ്ടാകുന്ന തലകറക്കമാണ് പ്രധാനം. വൈദ്യസഹായം തേടി ഇതിനു പരിഹാരം നേടാവുന്നതാണ്.

**വണ്ണം**

പൊണ്ണത്തടിയും അനുബന്ധ വൈകല്യങ്ങളും ഏതു പ്രായത്തിലും ഉണ്ടാകാമെങ്കിലും വാർദ്ധക്യത്തിലാണെങ്കിൽ അവ കൂടുതൽ അസഹനീയമായിരിക്കും. ശരീരം കൂടുതൽ തടിച്ചിരിക്കുന്നതിന് പാരമ്പര്യഘടകങ്ങൾ പ്രേരകമാണെങ്കിലും അലസമായ സുഖജീവിതവും ആവശ്യത്തിലേറെ അകത്താക്കുന്ന ആഹാരവും കൂടി നേടിത്തരുന്ന ദുർമേദസ്സാണു വണ്ണത്തിന്റെ പ്രധാന കാരണം. മദ്യപാനവും പുകവലിയും കൂടിയുണ്ടെങ്കിൽ സ്ഥിതി കുറേക്കൂടി വഷളാകും. പ്രമേഹമുണ്ടാകാനുള്ള ജനിതകപ്രവണതയുണ്ടെങ്കിൽ അതിനെ വേഗം വിളിച്ചു വരുത്തുകയും ചെയ്യും. കഴിവുള്ള ജോലി ചെയ്ത് മിതമായി ആഹാരം കഴിച്ച് ലളിതമായ ആരോഗ്യചര്യകൾ പാലിച്ച് ജീവിക്കുക എന്നതാണ് സ്വീകരിക്കാവുന്ന മുൻകരുതൽ.

'നിസ്സുഖത്വം സുഖായ' സുഖത്തിനുവേണ്ടി നിസ്സുഖത്വം ആചരിക്കൂ-എന്ന് ആയുർവ്വേദത്തിൽ ഒരിടത്തു (അഷ്ടാംഗ ഹൃദയം)പറയുന്നു. കൂടുതൽ സുഖമുണ്ടാകുവാൻ വേണ്ടി ജോലി ചെയ്യുക എന്ന ലേശം അസുഖകരമായ കാര്യം ചെയ്യണമെന്നാണുപദേശം. വാഗ്ഭടാചാര്യൻ ഇത് പറഞ്ഞിരിക്കുന്നത് അലസന്മാരെ ഉദ്ദേശിച്ചാണെന്നു വ്യക്തം.

അലസനായ ഒരു തടിയൻ പണ്ട് ഒരു നാട്ടു വൈദ്യനെ സമീപിച്ചു. തീരെ വിശപ്പില്ല എന്നതാണ് രോഗം. അയാൾ ചെല്ലുമ്പോൾ വൈദ്യൻ പാടത്തായിരുന്നു; കാള പൂട്ടുന്ന പണിക്കാരുടെ കൂട്ടത്തിൽ ചികിത്സ അദ്ദേഹത്തിന് ഒരു ഉപതൊഴിൽ മാത്രം. അസുഖത്തിന് ഉടനടി പരിഹാരം തേടുന്ന രോഗി പാടത്തേയ്ക്ക് ചെന്നു. അത്യാവശ്യമാണെന്നു പറഞ്ഞതുകൊണ്ട് ഏർക്കാളയെ മാറ്റിനിർത്തി അദ്ദേഹം വരമ്പിൽ നിന്നിരുന്ന രോഗിയുടെ അടുത്തെത്തി വിവരം തിരക്കി. അയാളുടെ പശ്ചാത്തലം അറിയാമായിരുന്ന വൈദ്യൻ പറഞ്ഞു; ഉഴവു മുടക്കാൻ പറ്റില്ല. ഈ കരിയൊന്നു പിടിച്ചോളൂ. ഞാൻ വീട്ടിൽ ചെന്നു മരുന്നുണ്ടാക്കി വച്ചിട്ടു വിളിക്കാം.

ഉച്ചയായപ്പോൾ ഉഴവു തീർത്തു കുളിച്ച് മറ്റു പണിക്കാരോടൊപ്പം

രോഗിയുമെത്തി. വൈദ്യൻ ഒരു പുഞ്ചിരി നൽകിക്കൊണ്ട് പറഞ്ഞു: മരുന്നു തയ്യാറായി വരുന്നതേയുള്ളൂ. അതിനിടയിൽ അല്പം പൊടിയരിക്കഞ്ഞി കുടിച്ച് ഒന്നു വിശ്രമിക്കാം. രോഗിയുടെ പ്രതികരണം: ഊണു തന്നെയാവാം. വേഗം വേണം. നല്ല വിശപ്പ്! അത്ഭുതം നടിച്ചു വൈദ്യൻ: ഓഹോ! അങ്ങനെയോ? അപ്പോൾ പിന്നെ വിശപ്പുണ്ടാകാനുള്ള ചികിത്സയുടെ കാര്യം?

വലിയ ഒരിലയുടെ മുന്നിൽ ഇരുന്നു കഴിഞ്ഞ രോഗി വൈദ്യൻ പറഞ്ഞതു കേട്ടതേയില്ല. രണ്ടു പേർക്കു കഴിക്കാവുന്നത്ര ചോറും കറിയും വേഗം അകത്താക്കി ഏമ്പക്കം വിട്ട് എഴുന്നേൽക്കുന്ന രോഗിയെ നോക്കി പൊട്ടിച്ചിരിച്ച വൈദ്യൻ ഉപദേശിച്ചു: വീട്ടിൽച്ചെന്നു മേലനങ്ങി വല്ലതും ചെയ്താൽ മതി. അധികം വെട്ടിവിഴുങ്ങരുത്. ഈ പൊണ്ണത്തടി കുറേ ചുങ്ങട്ടെ.

**സന്ധികൾ**

വാതം എന്നു പൊതുവെ വിളിക്കുന്ന സന്ധി വൈകല്യം പല വൃദ്ധജനങ്ങളുടേയും നിത്യശല്യങ്ങളിൽ ഒന്നത്രേ. സന്ധികൾ വേണ്ടത്ര വഴങ്ങാതിരിക്കുക, നീർവീക്കമോ വേദനയോ ഉണ്ടാവുക എന്നിവയാണ് ലക്ഷണങ്ങൾ. കാരണങ്ങൾ പലതുണ്ട്. രോഗാണുബാധ, പരിക്കുകൾ, വാർദ്ധക്യസഹജമായ ജീർണ്ണത, ശരീരം അതിനോടു തന്നെ മല്ലടിക്കുന്ന വിധത്തിൽ വിചിത്രമായ സ്വയം പ്രതിരോധ പ്രശ്നങ്ങൾ (Autoimmune Probelms) എന്നിങ്ങനെ പോകുന്നു ആ പട്ടിക. ഇവയിൽ രോഗാണുബാധയും പരിക്കുകളും നിശ്ചിതമായ ചികിത്സാ വിധികൾക്കു വഴങ്ങുന്നതാണ്. ജീർണ്ണതയുടേയും സ്വയം പ്രതിരോധപ്രശ്നങ്ങളുടേയും ഏറ്റക്കുറച്ചിലനുസരിച്ച് സങ്കീർണ്ണ ചിത്രങ്ങളാണ് സന്ധിരോഗങ്ങൾ വരച്ചു കാട്ടുന്നത്. ഓസ്റ്റിയോ ആർത്രോപ്പതി (Osteoarthropathy) എന്ന പൊതുമേൽവിലാസമുള്ള ഇവയിൽ പലതിലും 'വടിയൊടിയുന്നില്ല, പാമ്പു ചാകുന്നുമില്ല' എന്ന മട്ടിലാണു ചികിത്സയുടെ ഗതി. ചില സന്ധിരോഗങ്ങളിൽ വിശ്രമമല്ല വ്യായാമമാണു ചികിത്സയുടെ ഭാഗം. മറ്റു ചികിത്സകൾ ഫലിക്കാതെ വരുമ്പോൾ സന്ധിയുടെ അല്പഭാഗം മുറിച്ചു മാറ്റി പകരം കൃത്രിമഭാഗം വെച്ചു പിടിപ്പിക്കുന്ന ഏർപ്പാടും നടപ്പിലായിരിക്കുന്നു. ഊരുസന്ധി (Hip joint), കാൽമുട്ട് എന്നിവയാണ് സാധാരണ മാറ്റി വയ്ക്കപ്പെടുന്ന സന്ധികൾ. മുൻ പ്രധാനമന്ത്രി വാജ്പേയ് തന്റെ സന്ധിരോഗത്തിന് ആശ്വാസം നേടിയത് ഇത്തരമൊരു ശസ്ത്രക്രിയ കൊണ്ടാണ്.

ഉപയോഗമില്ലാത്തതു നശിക്കണമെന്നതു പ്രകൃതിയുടെ നിയമമാണ്. സന്ധികൾക്കു വേണ്ടത്ര ചലനവും ഭാരോദ്വഹനവും (Weight bearing) ആവശ്യമാണ്. അതില്ലെങ്കിൽ അവയോടു ബന്ധപ്പെട്ട അസ്ഥികൾ, തരുണാസ്ഥികൾ, മാംസപേശികൾ, സ്നായുക്കൾ, കണ്ഡരകൾ (tendons) എന്നിവയ്ക്കു ജീർണ്ണതയുണ്ടാകും. പ്രായമേറുമ്പോൾ സ്വാഭാവികമായി വന്നു കൂടുന്ന ഈ മാറ്റത്തിനു വേഗത കൂട്ടുന്നതാണ് വെറുതെയിരിപ്പ്. കായികാദ്ധ്വാനം തുടരുന്ന വൃദ്ധജനങ്ങളിൽ സന്ധി വൈകല്യങ്ങൾ പൊതുവെ കുറവായിരിക്കുന്നതിന്റെ രഹസ്യവും ഇതു തന്നെ.

സന്ധിവൈകല്യമുള്ളതുകൊണ്ട് കുത്തിയിരിക്കാൻ പറ്റാത്തവർക്കു യൂറോപ്യൻ ക്ലോസെറ്റ് ഒരനുഗ്രഹമാണ്. അല്ലാത്തവർക്കു നാടോടുമ്പോൾ നടുവേ ഓടണമെന്നു നിർബന്ധമില്ലെങ്കിൽ പഴയതരത്തിലുള്ളതും (കുത്തിയിരിക്കുന്നത്) നിലനിർത്തുന്നത് നന്ന്. കുട്ടികളും യുവാക്കളും മാത്രമല്ല സന്ധികൾക്കു വഴക്കമുള്ള വൃദ്ധരും ഇതുപയോഗപ്പെടുത്തുന്നതു കൊള്ളാം. മെച്ചമായ ശുചിത്വവും കാലിലെ പ്രധാന സന്ധികൾക്കു കിട്ടുന്ന വ്യായാമവും ഇതിന്റെ മേന്മകളാണ്.. മുഴുവനായി മടക്കിയും നിവർത്തിയും വളച്ചും തിരിച്ചും ഉപയോഗിക്കേണ്ടതാണല്ലോ സന്ധികൾ. പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത സന്ധികളുടെ ചലനശേഷി കുറഞ്ഞു പോകും. എല്ലുകൾക്ക് ബലക്ഷയവും ഉണ്ടാകും.

**അസ്ഥികൾ**

അസ്ഥിഭംഗത്തിന് (Fracture) ചികിത്സ തേടിയെത്തുന്നവരിൽ ഒരു വലിയ വിഭാഗം വൃദ്ധരാണ്. അവരുടെ അസ്ഥികൾക്ക് ഒടിയാനുള്ള പ്രവണത കൂടുതലാണ്. അതുകൊണ്ട് പ്രായമേറിയവർ മിനുസമേറിയ തറയിൽ നടക്കുന്നതും ഗോവണിയും നടകളും കയറിയിറങ്ങുന്നതും വളരെ ശ്രദ്ധയോടെ വേണം. ചെറിയ ഒരു വീഴ്ച പോലും ഗുരുതരമായ ഒടിവിനു കാരണമാകാം. ഊർവസ്ഥി (Femur) യുടെ മേലറ്റമാണ് വൃദ്ധരിൽ പലപ്പോഴും ഒടിയുന്നത്.

**പ്രോസ്റ്റേറ്റ്**

പുരുഷ ബീജാണുക്കൾക്ക് നീന്തി നീങ്ങാനുള്ള ദ്രാവക മാധ്യമം ഉണ്ടാക്കുന്നത് ഈ ഗ്രന്ഥിയാണ്. മൂത്രസഞ്ചിക്കു തൊട്ടുതാഴെ മൂത്രനാളത്തിന്റെ ആദ്യഭാഗത്തോടു ചേർന്ന് പിന്നിലായി ഇതിരിക്കുന്നു. ഇതിന്റെ വളർച്ചയോ വീക്കമോ വൃദ്ധരായ പുരുഷന്മാരിൽ പലരേയും ശല്യപ്പെടുത്താറുണ്ട്. കൂടുതൽ പ്രാവശ്യം മൂത്രമൊഴിക്കാൻ തോന്നുക, പോയി തീർന്നില്ല എന്ന് തോന്നുക, പോകാൻ തടസ്സം തോന്നുക എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. അർബുദവും ഈ ഗ്രന്ഥിയെ ബാധിക്കാറുണ്ട്. പുറമേ കീറിമുറിക്കാതെ മൂത്രനാളം വഴി തന്നെ ഈ ഗ്രന്ഥി ശസ്ത്രക്രിയ കൊണ്ട് നീക്കാൻ കഴിയും.

**ഗർഭാശയം**

ഗർഭാശയത്തിലെ മുഴകൾ, ഗർഭാശയഭ്രംശം, അർബുദം എന്നീ വൈകല്യങ്ങളിൽ ഏതെങ്കിലും ഉണ്ടോ എന്ന് ഇടയ്ക്ക് പരിശോധിപ്പിക്കണം. ഭ്രംശവും (Prolapse) അർബുദവും പ്രായമേറിയ സ്ത്രീകളിലാണ് കൂടുതലായി കാണുന്നത്. ആർത്തവം നിന്നതിനു ശേഷം രക്തസ്രാവമുണ്ടാവുക, പഴുപ്പ് പോവുക, രക്തവും പഴുപ്പും കൂടി പോവുക,

മുഴയോ, വേദനയോ ഉണ്ടാവുക ഇതൊക്കെ ദു:സൂചനകളാണ്.

**സ്തനങ്ങൾ**

സ്തനങ്ങളിലെ മുഴകൾ കൈവെള്ളയമർത്തി സ്വയം പരിശോധിക്കാൻ കഴിയും. എല്ലാ മുഴകളും അപകടകരമല്ല. എങ്കിലും വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കി ഉറപ്പു വരുത്തണം. മാമോഗ്രാഫി എന്ന പരിശോധന ഇതിൽ നിർണ്ണായകമാണ്.

വാർദ്ധക്യത്തിലെ എല്ലാ ശാരീരിക പ്രശ്നങ്ങളും ഈ ചെറിയ പ്രകരണത്തിൽ ഉൾപ്പെടുത്താനാവില്ലല്ലോ. പൊതുവായ അല്പം ചിലതു കൂടിയെഴുതി ഈ ലേഖനം അവസാനിപ്പിക്കാം. നീണ്ട വായനയുടെ വൈരസ്യവും ഒഴിവാക്കാമല്ലോ.

**അവഗണന**

താൻ ഒരു അധികപ്പറ്റാണെന്നുള്ള തോന്നലിനേക്കാൾ മനുഷ്യമനസ്സിനെ തളർത്തിക്കളയുന്ന മറ്റെന്തുണ്ട്? സാഹിത്യത്തിനു നൊബേൽ പുരസ്ക്കാരം നേടിയ, സമ്പന്നനായ യസുനാരി കവാബത്തേ (ജപ്പാൻ) ആത്മഹത്യ ചെയ്യുന്നതിനു മുമ്പ് ഇങ്ങനെ എഴുതി വെച്ചു: "യുവാക്കൾക്കു വൃദ്ധരോടുള്ള അവഗണനയിൽ പ്രതിഷേധിച്ചു ഞാൻ എന്റെ ജീവിതം അവസാനിപ്പിക്കുന്നു." ഭൗതീക സമ്പത്തിന്റെ പാരമ്യത്തിലും വികാരപരമായ ദാരിദ്ര്യവും പട്ടിണിയും അനുഭവിക്കുന്ന പലരുമുണ്ട്. വൃദ്ധജനങ്ങൾ സ്വന്തം വീട്ടിൽ തന്നെ ആരുമല്ലാതായി തീരുന്നത് സാധാരണ സംഭവമായിരിക്കുന്നു. ഇളം തലമുറയ്ക്ക് ഈ വേദനയുടെ ആഴം അറിയാൻ വർഷങ്ങളെടുക്കും-വൃദ്ധരാകുവോളം. അന്നേ അറിയൂ: "മുത്തന്തയ്ക്കു വേണ്ടി കുത്തിയ പാളയിൽത്തന്നെയായിരിക്കും തന്തയ്ക്കും വിളമ്പിക്കിട്ടുക."

**സമൂഹം**

വൃദ്ധരെ എങ്ങനെ കണക്കാക്കുന്നു എന്നത് ഒരു രാഷ്ട്രത്തിന്റെ സാംസ്ക്കാരിക നിലവാരത്തിന്റെ ശരിയായ അളവുകോലാണ്. ഇവിടെ സമ്പദ് സമൃദ്ധിയല്ല, മനോഭാവവും സമീപനവുമാണ് പ്രധാനം. മറിച്ചായിരുന്നുവെങ്കിൽ വികസിത രാജ്യങ്ങളിൽ ഇത്രയേറെ ആത്മഹത്യകൾ ഉണ്ടാകുമായിരുന്നോ?

വൃദ്ധമന്ദിരങ്ങൾ ഭാഗീകമായ പരിഹാരമേ ആകുന്നുള്ളൂ. വിജയത്തിൽ പങ്കാളികളുണ്ടാകുന്നത് ഒരാളുടെ സന്തോഷം വർദ്ധിപ്പിക്കണമെന്നില്ല. പക്ഷേ പരാജയത്തിൽ പങ്കാളികളുണ്ടാകുന്നത് ദു:ഖം ലഘൂകരികരിക്കാൻ ഉപകരിക്കും. വാർദ്ധക്യത്തിന് പരാജയത്തിന്റെ മുഖം നൽകുന്നത് ശരിയാണെങ്കിലും ഏതു പ്രസാദാത്മകനും ജീവിത സായാഹ്നത്തിൽ പിന്തിരിഞ്ഞ് നോക്കേണ്ടി വന്നേക്കാം. ഇവിടെയാണ് വൃദ്ധജന സമാജത്തിന്റെ പ്രസക്തി. ഒറ്റപ്പെടൽ എന്ന ഗതികേടിൽ നിന്നുള്ള മോചനം ഈ നീക്കത്തെ 100% വും ന്യായീകരിക്കുന്നു. ആർക്കും ആരെയും തിരിഞ്ഞു നോക്കാൻ നേരമില്ലാത്ത ആധുനിക ജീവിതത്തിന്റെ തത്രപ്പാടിൽ ഞെരിഞ്ഞമരാൻ വിധിക്കപ്പെട്ടവർക്കു കിട്ടുന്ന ഈ രക്ഷാകവചം പരമാവധി പ്രയോജനപ്പെടുത്തണം. സമാന താൽപര്യങ്ങളാണ് ഏതു പ്രസ്ഥാനത്തിന്റെയും ജീവൻ.

ലളിതമായി ജീവിച്ച് ഉന്നതമായി ചിന്തിക്കാനും ഭുജിക്കാൻ വേണ്ടി ജീവിക്കാതെ ജീവിക്കാൻ വേണ്ടി മാത്രം ഭുജിക്കാനും വിവരമുള്ളവർ പണ്ടേ പറഞ്ഞു തന്നിട്ടുണ്ട്. പക്ഷേ എത്രപേരുണ്ട് കേൾക്കാൻ!

ആവശ്യത്തിലേറെ കഴിക്കുന്ന ഭക്ഷണം ചയാപചയ പ്രശ്നങ്ങളുണ്ടാക്കി ശരീരത്തിനു ഭാരമായി തീരുന്നു. മിതമായ ആഹാരവും ആവുന്ന ജോലി ചെയ്യലും ശരീരത്തിന്റെ മലിനീകരണം തടയാൻ ഉപകരിക്കും.

ലോകാരോഗ്യസംഘടന ആരോഗ്യത്തിന് നൽകിയിരിക്കുന്ന നിർവചനം ശ്രദ്ധേയമാണ്. 'ശാരീരിക, മാനസിക സാമൂഹിക, ആത്മീയ സുസ്ഥിതിയാണ് ആരോഗ്യം.' പറയത്തക്ക രോഗമൊന്നും ഇല്ലാതിരുന്നാൽ മാത്രം പോരാ. ആദ്യകാലനിർവചനത്തിൽ ആരോഗ്യമാകുന്ന കട്ടിലിനു മൂന്നുകാലേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് അനുഭവങ്ങളുടെ വെളിച്ചത്തിൽ 'ആത്മീയം' എന്ന കാലും കൂടി ചേർത്തു ലോകാരോഗ്യ സംഘടന അതു പൂർണ്ണമാക്കി.

**കണ്ണേ മടങ്ങുക**

നിരീശ്വരരും സമ്മതിച്ചു തരുന്ന ഒരു സത്യമുണ്ട്. മതവിശ്വാസം മനുഷ്യന് (പ്രത്യേകിച്ചും വാർദ്ധക്യത്തിൽ) ഒരു നല്ല ഊന്നുവടി എന്ന നിലയിൽ ഉപകരിക്കുന്നു. കാലാന്തരത്തിൽ മതങ്ങൾക്കു കച്ചവടക്കണ്ണും അധികാരക്കണ്ണും ഉണ്ടായപ്പോൾ ഈ ഊന്നുവടി അന്യമതസ്ഥരെ തല്ലാനും കൊല്ലാനുമുള്ളതായി മാറി. പ്രതികൂല സാഹചര്യങ്ങളിൽ പ്രത്യാശ നഷ്ടപ്പെട്ടു നട്ടം തിരിയുമ്പോൾ തകർന്നുപോകാതെ പിടിച്ചു നിൽക്കാൻ ഉപകരിക്കുന്ന ആത്മാർത്ഥമായ മതവിശ്വാസത്തെ ശാസ്ത്രത്തിന്റെ യുക്തിയ്ക്കു നിരക്കാത്തതെന്നു പറഞ്ഞു നിരാകരിക്കണോ?

മരിച്ചുമണ്ണടിഞ്ഞ് വിസ്മൃതമാകാനുള്ളതാണെങ്കിലും ഈ 'അവനിവാഴ്വ്' വെറുമൊരു പാഴ്ക്കിനാവായി മാത്രം കണ്ടാൽ പോരാ. അവഗണിക്കാനാവാത്ത പലതലങ്ങളും അതിനുണ്ട്. ജീവിതയാഥാർത്ഥ്യങ്ങളെ തള്ളിപ്പറഞ്ഞ് വിധി വിശ്വാസികളായി വെറുതെയിരുന്നവർ ഒന്നും അവശേഷിപ്പിക്കാതെ പോയി. സ്വന്തം ജീവിതത്തെ വിലപ്പെട്ടതായി കണ്ട് അതിനെ സാർത്ഥകമാക്കാൻ ശ്രമിച്ചവർ നട്ടുവളർത്തിയവയുടെ സത്ഫലങ്ങളാണ് നാം അനുഭവിക്കുന്നത്. വരാനുള്ള തലമുറകൾക്കു വേണ്ടി നല്ലതു വല്ലതും നട്ടുനനച്ചു വളർത്തിയിട്ടു പോകാനുള്ള ബാധ്യതയിൽ നിന്നു നമ്മളാരും ഒഴിഞ്ഞുമാറിക്കൂടാ. ●

പ്രതികരണം

# തിരിച്ചറിയലുകൾ ഐക്യത്തിലേക്കു നയിക്കട്ടെ!

ഡോ. തോമസ് അത്താനാസ്യോസ്

വ്യക്തിജീവിതത്തിലും സഭാ ശുശ്രൂഷയിലുമെല്ലാം അനുഭവത്തിലൂടെ ലഭിക്കുന്ന തിരിച്ചറിവുകൾ സത്യസന്ധതയോടെ അംഗീകരിക്കുകയും അതിനനുസൃതമായി നിലപാടുകളും നടപടികളും എടുക്കുകയും ചെയ്യുക ജീവിതത്തെ അർത്ഥവത്താക്കുന്ന കാര്യമാണ്. മനുഷ്യജീവിതം ആരംഭിക്കുന്നത് പൂർണ്ണതയിലല്ല. തുടർ ജീവിതത്തിലെ നിരന്തരമായ അന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ, പഠനങ്ങൾ, അനുഭവങ്ങൾ ഇവയിലൂടെ സത്യം കണ്ടെത്തുകയും,തെറ്റായ കാഴ്ചപ്പാടുകളും ധാരണകളും തിരുത്തി നിലപാടുകൾ എടുക്കുകയും ചെയ്യുന്നതാണ് മനുഷ്യന് വളർച്ചയും വ്യക്തിത്വവും നൽകുന്നത്. ശരി തിരിച്ചറിഞ്ഞിട്ടും മുൻകാല ധാരണകളോട് വിടപറയുവാൻ മടിക്കുന്നത് ഭീരുത്വവും പലപ്പോഴും കാപട്യവുമാണ്. അങ്ങനെയുള്ളവരെ നയിക്കുന്നത് സത്യബോധമല്ല നേരെമറിച്ച് വൈകാരികതയാണ്. അവർ ഭയത്തിന്റെയും വികാരത്തിന്റെയും തടവറയിലാണ് കഴിയുന്നത്. യാക്കോബായ ക്രിസ്ത്യാനി സഭയിലെ പലർക്കും ഉള്ള അവസ്ഥ ഇതാണ്. സമകാലീന സംഭവങ്ങളുടെ ശരി മനസ്സിലാക്കിയിട്ടും അതു സമ്മതിക്കുവാനുള്ള ആർജവവും തുറന്നു പറയുവാനുള്ള സത്യസന്ധതയും നടപടിയാക്കുന്നതിനുള്ള നട്ടെല്ലും കാണുന്നില്ല. അടുത്തകാലത്തു മാധ്യമങ്ങളിലൂടെ കേരള സമൂഹം മുഴുവനും അറിഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സഭയുടെ ഭാവിയെപ്പറ്റി പുനർ ചിന്തനം നടത്തുന്നുവെങ്കിൽ അത് സഭാ ഐക്യത്തിന് സഹായമാകുന്നതാണ്.

സഭാ കേസിൽ 1995-ൽ സുപ്രീംകോടതിയുടെ വിധി ധിക്കരിച്ചും കോടതിവിധി പ്രകാരം നടന്ന മലങ്കര അസോസിയേഷൻ യോഗം ബഹിഷ്കരിച്ചും മുൻ പാത്രിയർക്കീസ് പക്ഷത്തുണ്ടായിരുന്ന ഏതാനും മേൽപ്പട്ടക്കാരുടെ നേതൃത്വത്തിൽ പുത്തൻകുരിശ് ആസ്ഥാനമാക്കി യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ എന്ന പേരിൽ ഒരു സഭയ്ക്ക് 2002-ൽ രൂപം കൊടുത്തു. മലങ്കര ഓർത്തഡോക്സ് സഭ അന്ത്യോഖ്യാ പാത്രിയർക്കീസിനെ മാനിക്കുന്നില്ല എന്ന ആരോപണം ഉന്നയിച്ചാണ് സാധ്യമാകുമായിരുന്ന സഭാ ഐക്യം അട്ടിമറിച്ച് അന്നുവരെ ആ വിഭാഗം ഉപയോഗിച്ചു വന്ന മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭ എന്ന ശീർഷകം ഉപേക്ഷിച്ച് പുതിയ സഭയ്ക്ക് ജന്മം നൽകിയത്. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായോടുള്ള നിരുപാധിക അനുസരണം നിലനിർത്തുക എന്ന ലക്ഷ്യം വച്ചായിരുന്നു സഭ സ്ഥാപിച്ചത് എന്നതായിരുന്നു ആ സഭാ നേതൃത്വത്തിന്റെ ഭാഷ്യം. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയെ അനുസരിക്കാത്തവർ എത്ര ഉന്നതരായാലും സഭയ്ക്ക് പുറത്തു പോകേണ്ടി വരും എന്നത് ആദ്യം തന്നെ വ്യക്തമാക്കിയിരുന്നു. എന്നാൽ ആ സഭയുടെ സൃഷ്ടി കർമ്മം നടത്തി അതിന്റെ ഭരണഘടനയ്ക്ക് രൂപം നൽകിയ ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവാ തന്റെ പുത്തൻകുരിശിലുള്ള ആസ്ഥാനത്ത് തനിക്ക് പാത്രിയർക്കീസിനോടുള്ള എതിർപ്പ് പ്രകടിപ്പിക്കുവാനായി ഉപവാസം അനുഷ്ഠിക്കുന്നുവെന്ന് കേരളത്തിലെ പ്രമുഖ ദിനപ്പത്രങ്ങൾ പ്രാധാന്യമുള്ള വാർത്തയായി പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹം മെത്രാൻമാരുടെ സ്ഥലം മാറ്റത്തിനു നൽകിയ ഉത്തരവ് പാത്രിയർക്കീസ് ബാവ തടഞ്ഞു എന്നതാണ് സംഭവത്തിന്റെ പശ്ചാത്തലം. ആ പത്രവാർത്തയാണ് ഈ കുറിപ്പ് എഴുതാൻ എനിക്കു പ്രേരണ നൽകിയത്. ഈ സംഭവം ആ സഭയുടെ നേതൃത്വത്തിലുള്ളവർക്ക് പൊതുവായ സഭാ സാഹചര്യത്തെപ്പറ്റി ഒരു പുനർവിചിന്തനത്തിന് അവസരം നൽകുന്നു എന്നതാണ് എന്റെ വിലയിരുത്തൽ.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നിന്ന് ഒരു സഭയെന്ന നിലയിൽ വ്യത്യസ്തമാക്കുന്നതായി വ്യവഹരിക്കപ്പെടുന്ന ഏക ഘടകം അവയുടെ അന്ത്യോഖ്യാ പാത്രിയർക്കീസിനോടുള്ള ബന്ധത്തിന്റെ സ്വഭാവമാണ്. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അന്ത്യോഖ്യായിലെ സുറിയാനി പാത്രിയർക്കേറ്റുമായി ബന്ധമുണ്ട്. ആ ബന്ധം സഭയുടെ ഭരണഘടനയിൽ നിർവചിക്കുന്നുമുണ്ട്. അത് സുപ്രീം കോടതി അംഗീകരിച്ച് ശരിവച്ചിട്ടുണ്ട്. മലങ്കര സഭയിൽ പാത്രിയർക്കീസിന്റെ സ്ഥാനം എന്താണ്, അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും ഇടപെടലും എപ്പോൾ, ഏതു സാഹചര്യത്തിൽ ആകാം, തുടങ്ങിയവ ഭരണഘടനയിൽ വ്യക്തമാക്കുന്നുണ്ട്. സുപ്രീം കോടതിയാകട്ടെ ഇതു കൂടാതെ കാതോലിക്കായുടെ ക്ഷണ പ്രകാരം എപ്പോൾ വേണമെങ്കിലും മലങ്കര സഭാകാര്യത്തിൽ ഇടപെടാൻ അനുവദിക്കുകയും ചെയ്യുന്നു. അതായത് അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയുമായിട്ടുള്ള ബന്ധം ഭരണഘടനാധിഷ്ഠിതവും (constitutional) വ്യവസ്ഥാപിതവും, വ്യക്തവുമാണ്. എന്നാൽ ഈ ഭരണഘടന അംഗീകരിച്ചതായി പാത്രിയർക്കീസ് ബാവായിൽ നിന്ന് ഇത:പര്യന്തം ഒരു പ്രഖ്യാപനവും ഉണ്ടായിട്ടില്ല. അദ്ദേഹം ഒരു വിദേശ പൗരൻ ആയതിനാൽ ഇന്ത്യൻ നീ

തിപീഠത്തിന് ഇതു അദ്ദേഹത്തിന് ബാധകമാക്കുവാൻ ആവില്ല. എന്നാൽ അദ്ദേഹം സൻമനസ്സു തോന്നി നീതിബോധത്തോടെ ഭരണഘടന അംഗീകരിക്കുന്നുവെങ്കിൽ ദൃഢവും ഹൃദ്യവുമായി തീരാവുന്ന ഒന്നായി ഈ ബന്ധം പരിണമിക്കുമായിരുന്നു.

എന്നാൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ 2002-ലെ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായ്ക്ക് അതുല്യമായ സ്ഥാനമാണ് ഉള്ളത്. അദ്ദേഹത്തിന് കേരളത്തിലെ ഈ സഭയിലുള്ള അധികാര അവകാശങ്ങൾ നിരുപാധികവും അനിർവചനീയവുമാണ്. അവ ചോദ്യം ചെയ്യപ്പെടാനാവാത്ത വിധം സഹജവും പൂർണ്ണവുമായി പരിശുദ്ധ പാത്രിയർക്കീസ് ബാവായിൽ നിക്ഷിപ്തമാകുന്നു. (ഖണ്ഡിക 20). അതായത് ആ സഭ അദ്ദേഹത്തിന് അനിയന്ത്രിതമായ, ഉപാധികളില്ലാത്ത, നിർവചിക്കാനാവാത്ത അധികാരമാണ് ഭരണഘടനയിൽ വകവച്ചു കൊടുത്തിരിക്കുന്നത്. അതുകൊണ്ട് പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് ആ സഭയിൽ എപ്പോഴും എവിടെയും ആരുടെ കാര്യത്തിലും ഏതു സാഹചര്യത്തിലും ഏതു മേഖലയിലും സ്വയമായി ഇടപെടാനുള്ള സ്വാതന്ത്ര്യമുണ്ട്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അന്തിമവുമാണ്. അനുസരിക്കാത്തവർ സഭയ്ക്കു പുറത്താകുകയും ചെയ്യും. ഈ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ ഇടപെടൽ സംബന്ധിച്ചു മാർഗരേഖകളൊന്നും ഭരണഘടനയിൽ ഉൾക്കൊള്ളിക്കേണ്ടി വരുന്നുമില്ല.

മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് പാത്രിയർക്കീസുമായിട്ടുള്ള ബന്ധം 1934-ലെ സഭാ ഭരണഘടന നിർവചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയെ സംബന്ധിച്ചിടത്തോളം അവരുടെ ഭരണഘടനയിൽ അദ്ദേഹത്തിന് സർവ്വാധികാരം ഉള്ളതുകൊണ്ട് ഇടപെടൽ മാനദണ്ഡങ്ങൾ ഒന്നുമില്ല. ഓർത്തഡോക്സ് സഭയ്ക്ക് പാത്രിയർക്കീസുമായിട്ടുള്ളത് ഒരു കാനോനിക-ഭരണഘടനാപര സഭാ ബന്ധമാണ്. ആദിമസഭയിലെ അംഗീകൃത സുന്നഹദോസുകളുടെ തീരുമാനങ്ങൾ ഉൾപ്പെടുത്തി ബാർ എബ്രായ ക്രോഡീകരിച്ച ഹൂദായ കാനോൻ, പിന്നീടുണ്ടായ സഭാ തീർപ്പുകൾ, ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ രൂപം കൊടുത്ത മലങ്കരസഭാ ഭരണഘടന ഇവയാണ് ഈ ബന്ധത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്ന ആധികാരിക പ്രമാണങ്ങൾ. എന്നാൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ ഈ ബന്ധത്തെ കാനോനിക-സഭാ ഭരണഘടന പരിപ്രേക്ഷ്യത്തിലല്ല, പ്രത്യുത, ഒരു വിശ്വാസ കാര്യമായിട്ടാണ് അവതരിപ്പിക്കുന്നത്. അതായത് അന്ത്യോഖ്യാ ബന്ധം ഒരു വ്യക്തിയുടെ ആത്മരക്ഷയുടെ കാര്യമാണ്; ഒരു സഭയുടെ സത്യവിശ്വാസത്തിന്റെ മാനദണ്ഡമാണ്. അതുകൊണ്ട് പാത്രിയർക്കീസ് ബാവായ്ക്ക് ഏതു സമയത്തും എവിടെയും ഇടപെടാവുന്ന സഭാഭരണത്തിൻ കീഴിൽ കഴിഞ്ഞില്ലെങ്കിൽ വ്യക്തിയ്ക്കു രക്ഷ സാധ്യമല്ല, ദൈവീക നൽവരങ്ങൾ ലഭ്യമാകില്ല; സഭയ്ക്ക് സത്യവിശ്വാസത്തിൽ നിലനിൽക്കാനുമാകില്ല. കാരണം അവർ പ്രചരിപ്പിക്കുന്നതനുസരിച്ച് പത്രോസിന്റെ സിംഹാസനം വഴി മാത്രമാണ് നൽവരങ്ങളും രക്ഷയും വിശ്വാസിക്കും വിശ്വാസസമൂഹത്തിനും സിദ്ധിക്കുന്നത്. ചുരുക്കത്തിൽ ഓർത്തഡോക്സുകാർ അന്ത്യോഖ്യാ ബന്ധത്തെ കാണുന്നതുപോലെയല്ല യാക്കോബായ സുറിയാനി കിസ്ത്യാനി സഭ ഈ വിഷയത്തെ വീക്ഷിക്കുന്നത്. ഓർത്തഡോക്സ് സഭയ്ക്ക് ഇതൊരു കാനോനിക-സഭാ ക്രമീകരണ (Canonical- juridical) കാര്യമെങ്കിൽ യാക്കോബായ സഭയ്ക്ക് ഇത് ഒരു വിശ്വാസ-ആത്മരക്ഷാ വിഷയമാണ്. യാക്കോബായ സഭയുടെ ഈ നിലപാടിന്റെ ആധികാരികത നാം അന്വേഷിക്കേണ്ടതുണ്ട്.

1. സുറിയാനി സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ പെട്ട ഒന്നാണ്. കോപ്റ്റിക്, അർമ്മീനിയൻ, എത്യോപ്യൻ, എറിത്രിയൻ എന്നിവയാണ് സുറിയാനി സഭയെ കൂടാതെ ഈ സഭാ കുടുംബത്തിൽ ഉള്ളത്. ഈ സഭകൾ ഒന്നും അന്ത്യോഖ്യൻ പാത്രിയർക്കീസിനോട് വിധേയത്വം നിലനിർത്തുന്നില്ല. അന്ത്യോഖ്യാബന്ധം ഒരു വിശ്വാസ വിഷയമായി അംഗീകരിക്കുന്നില്ല. അതായത് സുറിയാനി സഭപോലും ഉന്നയിക്കാത്ത ഒരു ന്യായവാദമാണ് കേരളത്തിലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ കണ്ടെത്തിയിരിക്കുന്നത്.

2. പരി. അന്ത്യോഖ്യാ പാത്രിയർക്കീസിന് പരിശുദ്ധ പത്രോസ് ശ്ലീഹായുടെ കൈവയ്പ്പും പിൻതുടർച്ചയും ഈ സഭകളെല്ലാം അംഗീകരിക്കുന്നുണ്ടെങ്കിലും ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് എന്തെങ്കിലും മേധാവിത്വമോ, അതുല്യതയോ ഉള്ളതായി അംഗീകരിക്കുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസ് പോലും അങ്ങനെയൊരു അവകാശവാദം ഉന്നയിക്കുന്നുമില്ല. പിന്നെയെങ്ങനെയാണ് ഇന്ത്യയിലെ യാക്കോബായ സഭയ്ക്ക് പരി. പാത്രിയർക്കീസ് ബാവാപോലും അവകാശപ്പെടാത്ത ഈ അധികാരം വിശ്വാസത്തിന്റെ ഭാഗമാകുന്നത്? അതായത് മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ വിശ്വാസ സംഹിതയിൽ ഇല്ലാത്തതും അവർക്ക് അപരിചിതവും അവർ അംഗീകരിക്കാത്തതുമായ ഒന്നിനെ എങ്ങനെയാണ് സഭയുടെ അടിസ്ഥാന വിശ്വാസമായി എടുക്കാനാവുന്നത്? ആ സഭകളെയെല്ലാം സംബന്ധിച്ച് സഭാധ്യക്ഷന്മാരുടെ സ്ഥാനം ഒരു ഭരണ ക്രമീകരണമാണ്. പാത്രിയർക്കീസ്മാരുടെ റാങ്ക്ലിസ്റ്റിൽ പരി. പത്രോസ് ശ്ലീഹായുടെ പിന്തുടർച്ചാവകാശിയായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനത്തിനുപരിയാണ് മർക്കോസിന്റെ പിൻഗാമിയായ അലക്സാന്ത്രിയാ പാത്രിയർക്കീസിന്റേത്. ചുരുക്കത്തിൽ

ഇവിടത്തെ യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭാനേതാക്കന്മാർ അവകാശപ്പെടുന്നതുപോലെ വിശ്വാസ കൂട്ടായ്മയിലും കുർബ്ബാന സംസർഗത്തിലും ഉൾപ്പെട്ട അന്ത്യോഖ്യൻ സഭയുൾപ്പെടെ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഒന്നും അംഗീകരിക്കാത്ത ഒന്നാണ് പത്രോസിന്റെ പിൻഗാമികളുടെ സർവ്വാധിപത്യവും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ നിൽക്കുന്നതാണ് സത്യവിശ്വാസത്തിന്റെ മാനദണ്ഡം എന്നതും. അതുകൊണ്ട് യാക്കോബായ ക്രിസ്ത്യാനി ചിന്താശേഷിയുള്ള അംഗങ്ങളെങ്കിലും മലങ്കര അന്ത്യോഖ്യാ പാത്രിയർക്കീസ് ബന്ധം ഒരു സഭാഭരണ ക്രമീകരണമായി കാണുവാൻ തയ്യാറാകണം. അതോടെ ഭിന്നിച്ചു നിൽക്കുന്ന ഈ സഭകൾ തമ്മിലുള്ള പ്രശ്നപരിഹാരം ഏറെ ലഘൂകരിക്കപ്പെടും.

ഈ സാഹചര്യത്തിൽ ഇവിടെയുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി അവരുടെ ബന്ധം ഒരു സഭാ ഭരണക്രമീകരണ കാര്യമായി കാണുവാൻ മേൽപ്പറഞ്ഞ വിശദീകരണം സഹായകമാകും എന്നാണ് എന്റെ പ്രതീക്ഷ. ഇതൊരു സഭാ ഭരണക്രമീകരണ കാര്യമാണെങ്കിലും മലങ്കര ഓർത്തഡോക്സ് സഭ ഈ ബന്ധത്തെ ഗൗരവമായി എടുക്കുകയും അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി വ്യവസ്ഥാപിത ബന്ധത്തിൽ തുടരുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെയാണ് സഭാഭരണഘടനയിൽ മാറ്റമില്ലാത്ത പ്രഖ്യാപന ഭാഗത്തുതന്നെ അന്ത്യോഖ്യാ പാത്രിയർക്കേറ്റിന്റെ സ്ഥാനം സംബന്ധിച്ച് പരാമർശിച്ചിരിക്കുന്നത്. അന്ത്യോഖ്യാ പാത്രിയർക്കീസിനെ സഭ അംഗീകരിക്കുകയും അക്കാര്യം സഭാഭരണഘടനയുടെ പ്രഖ്യാപന ഭാഗത്ത് ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു എന്നതും യാക്കോബായ ക്രിസ്ത്യാനികൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഇരുസഭകളും അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായുള്ള ബന്ധം ഗൗരവമായി എടുത്തിരിക്കുന്നു എന്നത് യോജിപ്പിന് അനുകൂലമായ ഘടകമാണ്. വ്യത്യാസം എന്നത് ബന്ധത്തിന്റെ സ്വഭാവത്തിലും രീതിയിലും മാത്രമാണ്. ഇപ്പോൾ ആ ബന്ധം പ്രവർത്തന രഹിതമായി ത്തീർന്നിരിക്കുന്നത് പാത്രിയർക്കീസ് ബാവ കാനോനിക കാതോലിക്കായ്ക്ക് ബദലായി സമാന്തര സ്ഥാനിയെ സൃഷ്ടിച്ചതു കൊണ്ടും കാനോനിക കാതോലിക്കായുടെ സഹകരണം കൂടാതെ പാത്രിയർക്കീസ്മാരെ വാഴിക്കുന്നതു കൊണ്ടും മാത്രമാണ്.

യഥാർത്ഥത്തിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായിട്ടുള്ള ബന്ധത്തിന്റെ സ്വഭാവത്തിലും വ്യത്യസ്തത ഉണ്ടാകേണ്ട കാര്യമില്ല. 1958–74 കാലഘട്ടം സഭ ഐക്യത്തിൽ കഴിഞ്ഞ സമയമായിരുന്നു. അന്ന് 1934–ലെ ഭരണഘടന പ്രകാരമാണ് സഭാഭരണം നിർവ്വഹിക്കപ്പെട്ടിരുന്നത്. ഭരണഘടനയിൽ വിവക്ഷിക്കുന്നതു പ്രകാരമുള്ള ബന്ധമാണ് അക്കാലഘട്ടത്തിൽ പാത്രിയർക്കേറ്റുമായി നിലവിലിരുന്നതും. അക്കാര്യത്തിൽ മുൻ പാത്രിയർക്കീസ് കക്ഷിക്കാർക്കാകട്ടെ ഒരു പരാതിയും പരിഭവവും ഉണ്ടായിരുന്നില്ല. ഭരണഘടനയിൽ ഉള്ളതിന് ഉപരിയായി പാത്രിയർക്കീസ് ബാവായ്ക്ക് അധികാരം നൽകണം എന്ന് ഒരു സമിതിയിലും 1958–ലെ യോജിപ്പിനുശേഷം മുൻ പാത്രിയർക്കീസ് കക്ഷിയിലെ നേതാക്കന്മാരും മെത്രാപ്പോലീത്താമാരും ആവശ്യപ്പെട്ടില്ല. പാത്രിയർക്കീസ് ബാവായുടെ അധികാരക്കുറവുമൂലം തങ്ങൾക്ക് ആത്മരക്ഷ നഷ്ടപ്പെടും എന്ന് ആരും വിചാരിച്ചിട്ടുമില്ല. ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കായ്ക്ക് ഈ ഭരണഘടന പ്രകാരം ഭരിക്കപ്പെട്ട സഭയുടെ നേതൃത്വവുമായി ഉറ്റ ബന്ധത്തിൽ കഴിയുന്നതിന് ഒരു മനസാക്ഷി പ്രശ്നവും ഉണ്ടായിരുന്നതായി പറഞ്ഞുകേട്ടിട്ടുപോലുമില്ല. അന്നത്തെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത മാർ പീലക്സീനോസ് തിരുമേനി ഭരണഘടനയും ഭരണസംവിധാനവും അംഗീകരിച്ച് കാതോലിക്കാ ബാവക്ക് എഴുതിക്കൊടുത്ത പ്രതിജ്ഞാപത്രത്തിന്റെ കോപ്പി ഇപ്പോഴും എന്റെ കയ്യിലുണ്ട്. അങ്കമാലിയിലെ അന്നത്തെ മുൻ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട വയലിപ്പറമ്പിൽ ഗ്രീഗോറിയോസ് തിരുമേ നി ഇടവകതോറും കല്പന അയച്ച് ഇടവക പൊതുയോഗങ്ങളിൽ 1934–ലെ ഭരണഘടന പാസ്സാക്കുകയായിരുന്നു. അന്നത്തെ പാത്രിയർക്കീസ് വിഭാഗവും അതിന്റെ നേതൃത്വവും ഭരണഘടനയിൽ വിവക്ഷിക്കുന്ന അന്ത്യോഖ്യാ ബന്ധത്തിൽ തൃപ്തരായിരുന്നുവെങ്കിൽ എന്തിനാണ് നിയോ–യാക്കോബായക്കാർ പാത്രിയർക്കീസ് ഉപാധികളില്ലാതെ ഭരിച്ചാലേ സഭ സഭയാകൂ എന്ന് ഇപ്പോൾ ശഠിക്കുന്നത്?

എന്നാൽ പ്രയോഗത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് തങ്ങളുടെ സഭയുടെ ഭരണകാര്യങ്ങളിൽ ഇടപെടുന്നത് ചെറുക്കും എന്ന നിലപാടാണ് അവരുടെ സുന്നഹദോസിന്റേത് എന്നത് കഴിഞ്ഞ ദിവസങ്ങളിലെ പത്ര വാർത്തകൾ പരിശോധിച്ചാൽ വ്യക്തമാകുന്ന കാര്യമാണ്. ഭരണഘടനയ്ക്ക് വിരുദ്ധമായ നടപടി ആയിരുന്നതിനാൽ ശ്രേഷ്ഠ കാതോലിക്കാ നടത്തിയ സ്ഥലംമാറ്റ ഉത്തരവുകൾക്ക് പാത്രിയർക്കീസ് തടയിട്ടു. തട പിൻവലിക്കാൻ പ്രതിനിധികളെ അയച്ചെങ്കിലും ഭരണഘ്ടന പ്രകാരം തന്റെ സ്ഥാനം തിരിച്ചറിഞ്ഞ പാത്രിയർക്കീസ് കുലുങ്ങിയില്ല. ഭരണഘടനയുടെ ഇരുപതാം ഖണ്ഡിക പ്രകാരം സഭയിലെ ഏതു മേൽപ്പട്ട സ്ഥാനിയുടേയും വാഴിക്കൽ, നിയമനം, സ്ഥലംമാറ്റം, പുറത്താക്കൽ എന്നിവ പാത്രിയർക്കീസ് ബാവായുടെ അധികാരത്തിൽ മാത്രമുള്ള കാര്യമാണ്. അതുകൊണ്ട് ശ്രേഷ്ഠ കാതോലിക്കാ നടത്തിയത് അധികാരകവർച്ചയായി പാത്രിയർക്കീസിനു മനസ്സിലായി. സഭയ്ക്ക് പ്രവർത്തി

ലേഖനം

# കുടുംബം: വേദപുസ്തക-വേദശാസ്ത്ര അടിസ്ഥാനത്തിൽ

(തുടർച്ച)

ഫാ. ഡോ. ഒ. തോമസ്

**5) നസ്രത്തിലെ തിരുക്കുടുംബം**

ക്രിസ്തീയ കുടുംബജീവിത്തതിന്റെ ഏറ്റവും വലിയ മാതൃക നസ്രത്തിലെ തിരുക്കുടുംബം തന്നെയാണ്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുവിന് പിറക്കാൻ ഒരു ശാരീരിക പിതാവിനെ ആവശ്യമില്ലായിരുന്നു. എന്നാലും ദൈവം ആദ്യം ഒരു കുടുംബത്തെ സൃഷ്ടിച്ചു. അതിനുള്ളിലാണ് ക്രിസ്തുവും പിറന്നത്. മറായാമിനെ, യൗസേപ്പിനു വിവാഹനിശ്ചയം നടത്തിയതിനു ശേഷമാണ് ഗബ്രിയേൽ മാലാഖയുടെ അരുളപ്പാട് മറിയാമിന് ലഭിച്ചത്. ലോകരക്ഷിതാവായ ക്രിസ്തുവിന്റെ വളർച്ചയുടെ ഓരോ നിമിഷത്തിലും പിതാവിന്റെ കരുതലും നേതൃത്വവും ഉണ്ടായിരുന്നു. അഗ്നിപരീക്ഷകളിൽ പരസ്പരം കുറ്റപ്പെടുത്താതെ അവർ ഒരുമിച്ചു നിന്നു. മിസ്രയേമിലേക്കുള്ള ഓടിപ്പോകലിലും തിരിച്ചുവരവിലും നസ്രത്തിലെ താമസത്തിലും പെസഹാപ്പെരുന്നാളിലെ സംബന്ധത്തിലുമെല്ലാം തിരുക്കുടുംബം ഒരുമിച്ചു നിന്നു എന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരു പക്ഷേ, പ. കന്യക മറിയാമിന്റെ കന്യാത്വത്തെ സംശയിക്കുമെന്ന് വിചാരിച്ചായിരിക്കാം യൗസേഫിനെ അധികം പൗരസ്ത്യ പാരമ്പര്യങ്ങളിൽ ഉയർത്തിക്കാട്ടാഞ്ഞത്. കുടുംബജീവിതത്തിന്റെ മാതൃകയായി തിരുക്കുടുംബത്തെ ചൂണ്ടിക്കാട്ടിയാൽ ചിലരെങ്കിലും കന്യകമറിയാമും യൗസേഫും പിൽക്കാലത്ത് സാധാരണ കുടുംബ ജീവിതം നയിച്ചിരുന്നു എന്നു വ്യാഖ്യാനിച്ചേക്കാം. അങ്ങനെ ചിന്തിക്കുന്ന വേദവിപരീതികൾ എല്ലാക്കാലത്തുമുണ്ടല്ലോ. അവരെ ഭയന്ന് നസ്രത്തിലെ തിരുക്കുടുംബത്തിന്റെ ഉത്തമമാതൃകയെ വേണ്ടെന്നു വയ്ക്കേണ്ട ആവശ്യമില്ല.

**6) കുടുംബജീവിതവും അവിവാഹിത ജീവിതവും**

കുടുംബജീവിതവും അവിവാഹിത ജീവിതവും ഒരു പോലെ ദൈവവിളിയാണ്. പൗരസ്ത്യസഭകളിൽ ആശ്രമപ്രസ്ഥാനങ്ങളുടെ സ്വാധീനം വളരെയുണ്ടായിട്ടുണ്ട്. ആരാധനാക്രമങ്ങൾ മിക്കതും ഉരുത്തിരിഞ്ഞത് ആശ്രമങ്ങളിലാണ്. അതുകൊണ്ടു തന്നെ അവിവാഹിത ജീവിതം, കുടുംബജീവിതത്തേക്കാൾ ശ്രേഷ്ഠമാണെന്ന ഒരു ചിന്ത പല തലങ്ങളിലും ഉണ്ടായിരുന്നു. പൗലോസ് ശ്ലീഹായും ആ കൂട്ടത്തിലാണെന്നു വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ വിശ്വാസ വ്യത്യാസം മൂലം ഭാര്യാഭർത്താക്കന്മാരുടെ ബന്ധം വേർപെടുത്തരുത്

---

ക്കുന്നതിനും നിലനിൽക്കുന്നതിനും സ്വാതന്ത്ര്യവും ബന്ധപ്പെട്ട സമിതികളുടെ സഹകരണത്തോടെ അധികാര പ്രയോഗങ്ങൾ നിർവിഘ്നം നിർവഹിക്കുന്നതിനും സാഹചര്യം ഉണ്ടെങ്കിൽ മാത്രമേ സഭയ്ക്ക് പുരോഗമിക്കാനാവൂ എന്ന് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്ക് ഇപ്പോഴെങ്കിലും തിരിച്ചറിയാനുള്ള സന്ദർഭം കിട്ടി. പരി. പാത്രിയർക്കീസ് ബാവായുടെ നിലപാടിൽ പ്രകോപിതനായി ഉപവാസയജ്ഞത്തിന് തുടക്കമിട്ടെങ്കിലും ഇടയ്ക്കുവച്ചു നിർത്തി ബുദ്ധിപൂർവ്വം പാത്രിയർക്കീസിനു ഐക്യദാർഢ്യം പ്രഖ്യാപിക്കുകയായിരുന്നു. അധികാര പ്രയോഗസാധ്യതയില്ലാത്തിടത്ത് അതിനു പോയാൽ കളത്തിനു പുറത്താകും എന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. പാത്രിയർക്കീസിന് സകല അവകാശങ്ങളും തീറെഴുതിയതും ജനങ്ങളെ വഴിതെറ്റിച്ചതും അബദ്ധമായിപ്പോയി എന്ന് തിരിച്ചറിയേണ്ടതുമായ സന്ദർഭമായി ഈ സാഹചര്യത്തെ മനസ്സിലാക്കി ആ സ്വാതന്ത്ര്യം ലഭിക്കുവാനുള്ള വഴി അന്വേഷിക്കേണ്ട മുഹൂർത്തമാണിത്. ഓർത്തഡോക്സുകാരാകട്ടെ പാത്രിയർക്കീസിനു നൽകാവുന്ന സ്ഥാനവും അധികാരവും മാത്രമേ കൊടുക്കുന്നുള്ളൂ. പാത്രിയർക്കീസിനോട് സഭയ്ക്ക് ആദരവ് കുറവുള്ളതുകൊണ്ടല്ല, സഭയ്ക്കു നിലനിൽക്കാനും സാക്ഷ്യം നിർവഹിക്കുന്നതിനും ആരോഗ്യകരമായ അന്യോന്യാ ബന്ധമേ ആകാവൂ എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്.

മേൽപ്പറഞ്ഞ അനുഭവത്തിന്റെ വെളിച്ചത്തിൽ പാത്രിയർക്കീസ് ബാവായുമായി എതിരിടാൻ പോവുകയോ തിരിച്ചറിവുണ്ടായിട്ടും പൂർണ്ണ അടിമത്തത്തിൽ തുടരുവാൻ ശ്രമിക്കുകയോ ചെയ്യാതെ മലങ്കരസഭയുമായി യോജിപ്പിലെത്തി നഷ്ടപ്പെടുത്തിയ അവകാശ സ്വാതന്ത്ര്യങ്ങൾ നേടിയെടുക്കുകയാണ് വിവേകവും സഭയുടെ നല്ല ഭാവിയെ പ്രതിയുള്ള പ്രതികരണവും. ഈ സാഹചര്യം അവസരോചിതമായി ഉപയോഗപ്പെടുത്തി മലങ്കര സഭയുടെ പൊതുവായ ശ്രേയസ്സിനും സാക്ഷ്യത്തിനും പറ്റിയ പശ്ചാത്തലം ഒരുക്കുവാൻ സൻമനസ്സ് യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ നേതൃത്വത്തിനുണ്ടാകുമെന്ന് ആശിക്കുന്നു. അങ്ങനെയൊന്നുണ്ടായാൽ ഹൃദയവിശാലതയോടെ ഈ വിഷയം പരിഹരിക്കുവാനുള്ള സൽബുദ്ധിയും നിശ്ചയദാർഢ്യവും ഓർത്തഡോക്സ് സഭയുടെ നേതൃത്വവും പ്രകടമാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ●

എന്ന് ശ്ലീഹാ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. (1 കൊറി. 7-ാം അദ്ധ്യായം). ചില ആശ്രമപിതാക്കന്മാരിലും ഇത്തരം ഊന്നലുകൾ കാണാം. എന്നാൽ, കർത്താവു തന്നെ വ്യക്തമായി പഠിപ്പിച്ചത് വരം ലഭിച്ചവനല്ലാതെ ഇതിനു യോഗ്യനല്ല (വി. മത്താ. 19:11) എന്നാണ്. നല്ല സന്യാസിമാരും ജനിക്കുന്നത് കുടുംബത്തിലാണല്ലോ. തന്നെയുമല്ല, വിവാഹത്തെ ഒരു കൂദാശയായി പൗരസ്ത്യസഭകൾ നേരത്തേതന്നെ അംഗീകരിച്ചിട്ടുണ്ട്. ദൈവം കാർമ്മികനായി നടത്തപ്പെടുന്ന കൂദാശയിലൂടെ ഒന്നായിത്തീരുന്ന കുടുംബത്തെ ആത്മീയ വിളിയിൽ രണ്ടാം സ്ഥാനത്തു നിർത്തിയാൽ കൂദാശയുടെ അർത്ഥം തന്നെ ഇല്ലാതാകും. കൂട്ടത്തിൽ കുറച്ചൊക്കെ ലൗകികമായും ഭൗതികമായും ജീവിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട് എന്ന ചിന്തയിലേക്കെത്തിച്ചേരാനും സാദ്ധ്യതയുണ്ട്. പ്രാർത്ഥന, നോമ്പ്, ഉപവാസം ഇവയൊക്കെ അവിവാഹിതർക്കും സന്യസ്ഥർക്കും വിട്ടുകൊടുത്തിട്ട് കുറെയൊക്കെ ലൗകികരായി ജീവിക്കാൻ കുടുംബസ്ഥർ തുനിയുന്നത് വിവാഹത്തെ രണ്ടാം തരത്തിലേക്കു താഴ്ത്തിയതുകൊണ്ടാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഓർത്തഡോക്സ് സഭകളുടെ വേദശാസ്ത്രത്തിൽ അങ്ങനെയൊരു വിവേചനമില്ല. രണ്ടും ഒരു പോലെ ദൈവവിളിയുടെ ഭാഗം തന്നെയാണ്. അതിനാൽ ലൗകികരായി ജീവിക്കാൻ സഭ കുടുംബസ്ഥരെ അനുവദിച്ചിട്ടില്ലാ എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**7) ആത്യന്തികലക്ഷ്യം ദൈവീകരണം**

പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ ഒരു ശിശു ജനിച്ചാൽ അധികം താമസിയാതെതന്നെ മാമ്മോദീസാ നൽകുന്നു. കൂടെ പരിശുദ്ധാത്മനൽവരത്തിന്റെ അടയാളമായ മൂറോനും, കർത്താവിന്റെ തിരുശരീരരക്തങ്ങളും നൽകപ്പെടുന്നു. മാമ്മോദീസാ ഏറ്റ എല്ലാവർക്കും ഒരു ലക്ഷ്യമേയുള്ളൂ. ദൈവീകരണം. 1 പത്രോസ് 1:4-ാം വാക്യത്തിൽ ദൈവസ്വഭാവത്തിൽ പങ്കാളികളാകണമെന്ന് വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു. വി. മത്തായി 5:48-ലും 'നിങ്ങളുടെ പിതാവ് സൽഗുണ സമ്പൂർണ്ണരായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണസമ്പൂർണ്ണരാകുവിൻ' എന്നു പറയുന്നു. ഈ ലോകത്തിൽ പൂർണ്ണതയിൽ എത്തിച്ചേരാൻ സാധിച്ചില്ലെങ്കിലും മാമ്മോദീസായിലൂടെ വിശ്വാസിക്കു നൽകുന്ന ആത്യന്തികലക്ഷ്യം ഒന്നുതന്നെയാണ്. കുഞ്ഞുങ്ങൾ വളരുമ്പോൾ ചിലർ ഉന്നതപദവികളും സ്ഥാനമാനങ്ങളും കരസ്ഥമാക്കിയേക്കാം. കൂടുതൽപേരും കുടുംബജീവിതം തെരഞ്ഞെടുക്കുമ്പോൾ, കുറേപ്പേർ അവിവാഹിതജീവിതം തെരഞ്ഞെടുക്കുന്നു. കുറേപേർ വൈദികരും ചുരുക്കം ചിലർ ബിഷപ്പുമാരുമൊക്കെയാകുന്നു. ലോകത്തിലെ പദവികളൊന്നും ദൈവസന്നിധിയിലുള്ള വളർച്ചയുടെ മാനദണ്ഡങ്ങളോ അളവുകോലോ അല്ല. മനുഷ്യാളത്തത്തിൽ ദൈവസ്വഭാവത്തിലുള്ള വളർച്ചയാണ് ആത്മീയ മനുഷ്യരിൽ ഉണ്ടാകേണ്ടത്. അവരിൽ നന്മയുടെ പ്രകടനങ്ങളല്ല, മറിച്ച് നന്മയായി തന്നെ അവരുടെ സ്വത്വം രൂപാന്തരപ്പെടുന്നു. ഈ മാറ്റത്തെയാണ് കർത്താവ് നല്ല വൃക്ഷം നല്ല ഫലം കായ്ക്കുന്നു (വി. മത്താ. 7:17) എന്ന് ചൂണ്ടിക്കാട്ടിയത്. ഇവിടെ നന്മ അഭിനയിക്കേണ്ടി വരുന്നില്ല. മനുഷ്യ പ്രകൃതിയിലെ സ്വാർത്ഥതയും അഹന്തയും ഭൗതീക സുഖഭോഗാസക്തിയും മാറി, ആ സ്ഥാനത്ത് സ്നേഹവും കരുണയും ആർദ്രതയും സഹാനുഭൂതിയും ത്യാഗവും വിശുദ്ധിയും എല്ലാം നൈസ്സർഗ്ഗികമായി ഉണ്ടാകുന്നു. ഈ തരത്തിൽ ഭാര്യാഭർത്താക്കന്മാർ രൂപാന്തരപ്പെടുമ്പോൾ ഭൂമിയിലെ സ്വർഗ്ഗം ഓരോ ഭവനത്തിലുമുണ്ടാകുന്നു. Family is the miniature heaven on the earth (കുടുംബം സ്വർഗ്ഗത്തിന്റെ ഭൂമിയിലെ ചെറിയ പതിപ്പാണ്) എന്ന് പറയുന്നത് ഈ അർത്ഥത്തിലാണ്. വേദശാസ്ത്രപരമായി ചിന്തിച്ചാൽ ഒട്ടേറെ കുടുംബപ്രശ്നങ്ങൾ ഉണ്ടാകുന്നത് ദമ്പതികൾക്ക് ഈ തരത്തിലുള്ള ദൈവീകരണത്തിലേക്കുള്ള വളർച്ച സംഭവിക്കാത്തതു കൊണ്ടാണ്.

**8) ചിട്ടയും നിഷ്ഠയുമുള്ള ആത്മീയ ജീവിത ശൈലി**

ആത്മീയ ജീവിതത്തിന് ഇന്ന് വ്യത്യസ്തമായ പടികൾ കാണുന്നുണ്ട്. ആദ്യത്തേതിൽ ആചാരാനുഷ്ഠാനങ്ങൾ, പദയാത്ര, തീർത്ഥാടനം തുടങ്ങി മനസ്സിന് ഉല്ലാസം പകരുന്ന ചില പതിവു പരിപാടികളിൽ സംബന്ധികളാവുക. കാര്യമായ ആന്തിരീക വ്യതിയാനങ്ങളൊന്നും ഇവിടെ സംഭവിക്കുന്നില്ല. രണ്ടാമത്തെ രീതി, പ്രതിസന്ധികളിൽ നിന്നു കരകയറുവാനും ജീവിതത്തിൽ ഐശ്വര്യവും ഭൗതീക വളർച്ചയും നേടുവാനുമായി ആത്മീയനിഷ്ഠകളിൽ മുഴുകുക എന്നതാണ്. ഇന്ന് വ്യാപകമായി ആത്മീയത ഈ തരത്തിലുള്ളതാണ്. ഈ ആത്മീയത സ്വാർത്ഥവും സ്വയം കേന്ദ്രീകൃതവുമാണ്. സമൂഹത്തിൽ നല്ല പങ്കും ഈ തരത്തിലുള്ളവരാകയാൽ വ്യാപകമായ അംഗീകാരം ഇതിനു ലഭിച്ചു കഴിഞ്ഞു. ഇതിൽ നിന്നും ഉയർന്ന യഥാർത്ഥ ആത്മീയതയുടെ പ്രതിഫലനങ്ങൾ കാര്യമായി എങ്ങും കാണപ്പെടുന്നില്ല. ദൈവീകരണമായിരിക്കണം യാഥാർത്ഥ ആത്മീയതയുടെ ലക്ഷ്യം. തന്നെത്തന്നെ ത്യജിച്ച് ക്രൂശും എടുത്തുകൊണ്ട് എന്റെ പിന്നാലെ വരിക എന്ന ക്രിസ്തു ഓർമ്മിപ്പിച്ചത് ആത്മീയതയുടെ ഈ ഉന്നത ഭാവമാണ്. പ്രാർത്ഥന, നോമ്പ്, ഉപവാസം, വേദപുസ്തകപഠനം, ധ്യാനം, ആരാധനയിൽ ഭക്തിപൂർവ്വമായ പങ്കാളിത്തം, കൂദാശകളിലെ ഭാഗഭാഗിത്വം ഇവയൊക്കെ ആത്മീയ വളർച്ചയെ ലക്ഷ്യം വെച്ചുള്ളതായിരിക്കും. പാപസ്വഭാവത്തിൽ നിന്നു വിടുതൽ പ്രാപിച്ച് നന്മയിലും നീതിയിലും വിശുദ്ധിയിലും വളരുവാൻ കൃത്യമായി ആത്മീയനിഷ്ഠകൾ പാലിക്കുവാൻ സാധിച്ചാൽ, കുടുംബസമാധാനം ഉറപ്പുവരുത്തുവാനും, അതുവഴി ക്രിസ്തീയ സാക്ഷ്യം നൽകാനും കുടുംബങ്ങൾക്കു സാധിക്കും. കുടുംബാംഗങ്ങൾ രണ്ടു നേരമെങ്കിലും ഒരു മിച്ചു

പ്രാർത്ഥിക്കുക എന്നത് അലംഘനീയമായ നിയമമായിരിക്കണം. “Family that prays together, stays together” എന്നാണല്ലോ പ്രമാണം. ഇവിടെ വീണ്ടും ഒരു കാര്യം എടുത്തു പറയുന്നു, സ്വാർത്ഥ താല്പര്യത്തോടെയുള്ള പ്രാർത്ഥന അധികഗുണം ചെയ്യില്ല. വളരെ പ്രാർത്ഥിക്കുന്ന (പ്രത്യേകം പ്രത്യേകം) ദമ്പതികളെ കൂട്ടിയോജിപ്പിക്കുക പ്രയാസമാണ്. രണ്ടുപേരും പ്രത്യേകമായാണ് പ്രാർത്ഥിക്കുന്നത്. രണ്ടുപേരും തങ്ങളുടെ നിലപാടുകളിൽ തന്നെ ഉറച്ചു നിൽക്കുകയും വേറെ വേറെ പ്രാർത്ഥിച്ചുകൊണ്ട് തങ്ങളുടെ സ്വാർത്ഥമായ നിലപാടുകൾക്ക് പ്രാർത്ഥനയിൽ കൂടി സ്ഥിരീകരണം നേടുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ ശരണം വച്ച ഈ ദമ്പതികളെ കൂട്ടിയോജിപ്പിക്കാനാവില്ല. ആത്മീയ നിഷ്ഠകൾ ദൈവീകരണമെന്ന ലക്ഷ്യത്തോടെ നിർവ്വഹിക്കണമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

**9) മക്കൾ ദൈവത്തിന്റെ ദാനം (സങ്കീ. 127:3)**

കുടുംബത്തേക്കുറിച്ചുള്ള ദൈവികപദ്ധതിയിൽ ഏറ്റം പ്രധാനപ്പെട്ടത് ഇതാണ്. ദൈവം തമ്പുരാൻ ദാനമായി നൽകുന്ന കുഞ്ഞുങ്ങളെ ദൈവമക്കളായി വളർത്തുക എന്നത്. ആധുനിക കുടുംബങ്ങൾ സാമ്പത്തിക സുരക്ഷിതത്വത്തിനും വളർച്ചയ്ക്കും പ്രാധാന്യം നൽകുമ്പോൾ കുഞ്ഞുങ്ങളെ അവഗണിക്കുന്നതായി കാണുന്നു. വിദ്യാസമ്പന്നരായ പല ദമ്പതികളും കുഞ്ഞുങ്ങളെ ഉടനെ വേണ്ട എന്നു തീരുമാനിക്കുകയും അഥവാ ലഭിച്ചുപോയാൽ ചിലരെങ്കിലും അവരെ വേണ്ടെന്നു തീരുമാനിച്ചുകൊണ്ട് ഗർഭച്ഛിദ്രത്തിനു മുതിരുകയും ചെയ്യുന്നു. ഗർഭച്ഛിദ്രം ക്രിസ്തീയ വിശ്വാസത്തിൽ നീതീകരണമുള്ളതല്ല. ദൈവത്തിന്റെ വലിയ ദാനം കുഞ്ഞുങ്ങൾ തന്നെയാണ്. അവരെ എപ്പോൾ ലഭിച്ചാലും സന്തോഷത്തോടെ ഏറ്റുവാങ്ങി ദൈവമക്കളാക്കി വളർത്താനുള്ള ഉത്തരവാദിത്തം മാതാപിതാക്കൾക്ക് ഉണ്ട്. മാതാപിതാക്കൾക്ക് അധിക സാമ്പത്തിക ലക്ഷ്യം വന്നു കഴിയുമ്പോൾ കുട്ടികൾ അനാഥമാക്കപ്പെടുന്നു. മിക്കവാറും ആയമാരായിരിക്കും കുഞ്ഞുങ്ങളെ വളർത്തുന്നത്. ഒരു വയസ്സുവരെയെങ്കിലും മുലപ്പാൽ കുടിക്കുക എന്നത് കുട്ടിയുടെ അവകാശമാണ്. അവരുടെ ശാരീരിക, മാനസിക, ആരോഗ്യത്തിന് അമ്മയുടെ ശാരീരിക അടുപ്പവും മുലപ്പാലും അത്യന്താപേക്ഷിതമാണ്. അനേകം കുട്ടികൾക്കും ഇത് ഇന്ന് ലഭിക്കുന്നില്ല. സാമ്പത്തിക താൽപര്യങ്ങൾ വന്നു കഴിഞ്ഞപ്പോൾ കുഞ്ഞുങ്ങളുടെ എണ്ണം ചുരുക്കി. ഒന്ന്, ഏറിയാൽ രണ്ട് എന്ന സംഖ്യയിൽ മാത്രം ഒതുക്കിയിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിലേക്കു തിരിച്ചുപോയി ഓരോ വർഷവും ഓരോ കുഞ്ഞിനെ സ്വീകരിക്കണമെന്ന് ഈ പറഞ്ഞതിനർത്ഥമില്ല. എന്നാൽ വളർത്തുവാനുള്ള കഴിവനുസരിച്ചും സാഹചര്യങ്ങളെ പരിഗണിച്ചും ദൈവത്തോട് ആലോചന കഴിച്ച് കുഞ്ഞുങ്ങളെ സ്വീകരിക്കേണ്ടതാണ്. സമൂഹത്തേയോ മറ്റുള്ളവരേയോ ഈ കാര്യത്തിൽ അനുകരിക്കേണ്ട കാര്യമില്ല. ദമ്പതികളുടെ പ്രാർത്ഥനാ ജീവിതത്തിൽ കൂടി ഈ പ്രധാനപ്പെട്ട കാര്യത്തിന് ഉത്തരം കണ്ടെത്തേണ്ടതാണ്. ആണും പെണ്ണും തമ്മിലുള്ള വിവേചനം ക്രിസ്തീയ കുടുംബങ്ങളിൽ പാടുള്ളതല്ല. രണ്ടു പേരെയും ഒരുപോലെ സ്വീകരിക്കാൻ സന്നദ്ധരാകണം. ആൺകുട്ടിയ്ക്കു വേണ്ടി പ്രത്യേകം നേർച്ച കഴിക്കുന്നതും ശരിയാണെന്ന് തോന്നുന്നില്ല. കുട്ടികളുടെ നാൾ, ജാതകം ഇവയൊന്നും ക്രിസ്തീയ വിശ്വാസമനുസരിച്ച് നോക്കേണ്ടതില്ല. ദൈവം സൃഷ്ടിച്ചിട്ടുള്ള എല്ലാ വിനാഴികയും ഒരു പോലെ വിലപ്പെട്ടതാണ്. സൂര്യനും ചന്ദ്രനും ഗ്രഹങ്ങളുമൊന്നും ദൈവത്തേക്കാൾ വലുതല്ല.

ഭൗതീക ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങളോടെ കുട്ടികളെ വളർത്തുന്ന ഇന്നത്തെ രീതിയും അഭിലഷണീയമല്ല. യോഹന്നാൻ സ്നാപകന്റെയും യേശുക്കുഞ്ഞിന്റെയും പൈതൽ പ്രായത്തേക്കുറിച്ച് വേദപുസ്തകത്തിൽ സൂചനകൾ ഉണ്ട്. അവർ ആത്മാവിൽ ബലപ്പെട്ടു. ജ്ഞാനം നിറഞ്ഞു. ദൈവകൃപയും അവരുടെ മേൽ ഉണ്ടായിരുന്നു. (വി. ലൂക്കോ 1:20; 2:40,52). ഒട്ടനവധി വൈകാരിക, മാനസ്സിക പ്രശ്നങ്ങളും കുറ്റകൃത്യങ്ങളും അശ്ലീല വാസനകളും കുട്ടികളുടെ ഇടയിൽ വളരുന്നുണ്ട്. മീഡിയായെ പഴി പറഞ്ഞു രക്ഷപെടാൻ ക്രിസ്തീയ കുടുംബങ്ങൾ ശ്രമിക്കരുത്. സമൂഹത്തെയും മീഡിയായെയും നിയന്ത്രിക്കാൻ നമുക്കാവില്ല. ചതിക്കുഴികളിൽ വീഴാതിരിക്കത്തക്കവിധം ആത്മീയ ശിക്ഷണവും പരിശീലനവും വീടുകളിൽ നൽകുകയാണ് ക്രിസ്തീയ കുടുംബങ്ങൾ ചെയ്യേണ്ടത്. പള്ളിയാരാധനയും സൺഡേ സ്കൂളും ഉപേക്ഷിച്ച് സെക്കുലർ വിദ്യാഭ്യാസത്തിന് അമിത പ്രാധാന്യം നൽകുന്ന പ്രവണത, താല്ക്കാലികമായി ചില നേട്ടങ്ങൾ ഉണ്ടാക്കി തരുമെങ്കിലും ജീവിതത്തിന്റെ മുഴുവൻ ചിത്രമെടുക്കുമ്പോൾ നഷ്ടത്തിലാകുവാൻ സാധ്യതയുണ്ട്. മാതാപിതാക്കൾ മാതൃകയുള്ളവരായി, ദൈവാശ്രയബോധമുള്ളവരായി മക്കൾക്ക് അനുഭവ വേദ്യമായാൽ അവരുടെ ഭാവിജീവിതത്തെപ്പറ്റി അധികം ആശങ്കപ്പെടേണ്ടി വരികയില്ല. *(തുടരും)*


## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

Date of Publication 15-08-2014, Price Rs. 10/-

DIOCESAN BULLETIN

## മൂസൽ ക്രൈസ്തവ വിമുക്തമാകുന്നു

സുറിയാനി സഭയുടെ ഒരു പ്രധാന കേന്ദ്രമായിരുന്ന മൂസലിൽ നിന്ന് സുറിയാനിക്കാർ ഉൾപ്പെടെ എല്ലാ ക്രൈസ്തവരും പാലായനം ചെയ്തിരിക്കുകയാണ്. പുതുതായി രൂപം കൊണ്ട കാലിഫേറ്റിന്റെ അന്ത്യശാസനത്തെ തുടർന്നാണിത്. മതപരിവർത്തനമോ മരണമോ തെരഞ്ഞെടുക്കാൻ നിർബന്ധിതമായ സാഹചര്യത്തിലാണ് ക്രൈസ്തവർ ജന്മനാട് വിട്ടത്. സുറിയാനിക്കാരുടെ പ്രശസ്തമായ മാർത്തോമ്മായുടെ ദയറാ, കാരകോഗിലെ മർത്തശ്മൂനിയുടെ ദേവാലയം, സുറിയാനി ഓർത്തഡോക്സ് സഭയുടെ മെത്രാസന കത്തീഡ്രൽ മുതലായവ ഈ പ്രദേശത്താണ്. പള്ളികളെല്ലാം മോസ്കുകളായി മാറ്റിക്കഴിഞ്ഞു. ഏകദേശം 35000 ക്രൈസ്തവർ അടുത്തകാലം വരെ ഇവിടെ ഉണ്ടായിരുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. സദ്ദാംഹുസൈനിന്റെ ഭരണകാലത്ത് ക്രൈസ്തവർക്കുണ്ടായിരുന്ന സുരക്ഷിതത്വം അമേരിക്കൻ അധിനിവേശത്തോടെ നഷ്ടപ്പെടുകയാണുണ്ടായത്.

## സുഡാനിൽ ക്രൈസ്തവ പീഡനം

സുഡാനിൽ ക്രൈസ്തവർക്ക് ഭരണഘടന നൽകുന്ന തുല്യാവകാശം അവഗണിച്ചുകൊണ്ട് വ്യാപകമായ തോതിൽ അക്രമങ്ങൾ അഴിച്ചുവിടുകയാണ്. മുസ്ലീംമതഭ്രാന്തന്മാരുടെ സ്വാധീനത്തിൽ അവിടത്തെ സർക്കാർ പുതിയ ക്രൈസ്തവദേവാലയങ്ങൾ നിർമ്മിക്കുന്നത് നിരോധിച്ചിരിക്കുന്നു. ഒരു വിദേശ ക്രിസ്ത്യാനിയെ വിവാഹം ചെയ്തതിന്റെ പേരിൽ മറിയം ഇബ്രാഹിം എന്ന യുവതിയെ വധശിക്ഷയ്ക്ക് വിധിച്ചിരുന്നു. താൻ മതം മാറിയതല്ലെന്നും തന്റെ അമ്മ എത്യോപ്യൻ ഓർത്തഡോക്സ് സഭാംഗമാണെന്നും അവൾ കോടതിയിൽ ബോധിപ്പിച്ചെങ്കിലും ഫലപ്പെട്ടില്ല. ലോകരാഷ്ട്രങ്ങളുടെ സമ്മർദ്ദത്തെ തുടർന്ന് ശിക്ഷ പിൻവലിക്കപ്പെട്ടെങ്കിലും സുരക്ഷാർത്ഥം പിന്നീടവൾ നാടുവിട്ടു.

## വനിതാ ബിഷപ്പുമാർ

ബ്രിട്ടനിൽ ഏറ്റവും കൂടുതൽ അനുയായികളുള്ള ക്രിസ്തീയ വിഭാഗമായ ആംഗ്ലിക്കൻ സഭ (Church of England) യിൽ ഒരു പുതിയ യുഗത്തിന്റെ പിറവി ആസന്നമായിരിക്കുന്നു. സഭയുടെ ചരിത്രത്തിൽ ഒരു സുപ്രധാന നാഴികകല്ലാണിത്. ആംഗ്ലിക്കൻ പൊതു സുന്നഹദോസ് വനിതാ ബിഷപ്പുമാരെ വാഴിക്കുന്നതിന് അനുകൂലമായി വോട്ടിംഗിലൂടെ തീരുമാനമെടുത്തു.

“കറപിടിച്ച സ്ഫടിക മറ തകർക്കപ്പെട്ടിരിക്കുന്നു.” ആഹ്ലാദ ഭരിതരായ നൂറുകണക്കിന് പുരോഹിതന്മാരിൽ ഒരാൾ പ്രതികരിച്ചു. “ഞങ്ങൾ സന്തോഷിക്കുന്നു.” വിമിൻ ആൻഡ ചർച്ച് ഗ്രൂപ്പിന്റെ അധ്യക്ഷ ഹിലാറികോട്ടൺ പ്രസ്താവിച്ചു.

സ്ത്രീകൾക്ക് പൗരോഹിത്യം നൽകുന്ന സമ്പ്രദായം ആംഗ്ലിക്കൻ സഭയിൽ നിലവിൽ വന്നിട്ട് രണ്ടു ദശാബ്ദങ്ങളായി. ഇപ്പോൾ 4200–ൽ അധികം പുരോഹിതമാർ ആ സഭയിലുണ്ട്. വനിതകളുടെ പ്രാതിനിധ്യം സഭയുടെ അത്യുന്നത തലത്തിൽ എത്തിക്കുന്ന വനിതാ ബിഷപ്പുമാരുടെ വാഴ്ച സഭയിലെ സ്ത്രീകളുടെ വൻ നേട്ടമായി വ്യവഹരിക്കപ്പെടുന്നു. ദക്ഷിണേന്ത്യൻ സഭ (CSI) യിലെ ആദ്യ വനിതാ ബിഷപ്പായി നന്ദയാൽ ഭദ്രാസനത്തിന്റെ പുഷ്പലളിതയുടെ വാഴിക്കൽ ആംഗ്ലിക്കൻ സിനഡ് തീരുമാനത്തിന്റെ സ്ഥിതീകരണമെന്ന് Ms. ക്ലിന്റൻ പറഞ്ഞു.

## Vatican Bank-Major Shake up

Cardinal George Pell said, “Pope Francis would soon name an auditor general free to go everywhere and anywhere to root out pecuniary lapses. Religion and finance have always sat together uncomfortably. The Vatican City is a natural tax haven. The Vatican Bank (IOR) has been wreathed in mystery and tainted by scandals since its involvement in the collapse in 1982 of Banco Ambrosiano. Cardinal Pell had announced two main changes. First concerns the Administration of Patrimony of the Holy See (APSA). It has two sections. One oversees the property left to the Vatican after the occupation of Papal State during Italy’s unification in the 19th century. The other section invests the “nest egg”-the cash Mussolini, gave the papacy in 1929 to compensate it for the loss if its territories. The second will become the Vatican’s Central Bank.

A summary of the Bank’s results for 2003 revealed the financial cost of Mr. Von Freyberg’s Programme. Net profit was down from Euro 86.6 millions in 2012 to Euro 2.9 millions.

It is mostly due to a fall in the value of the IOR’s gold reserves. Much damage was done by extra ordinary changes, including Euro 15.1 millions to cover losses on a loan reportedly sponsored by Pope Benedict’s right hand man, Cardinal Tarcisio Bertone to a company that makes films with religious themes.

In future the IOR’s investment activities are to go to a new body namely Vatican Asset Management (VAM). VAM would invest according to catholic ethical principles. It must be ensured that it does not drift back into the troubled waters that the IOR is leaving behind.

(Collected by Dr. K.M. George)

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop’s House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha